2023 OCTOBER
16
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഇസ്രയേൽ ഹമാസ് യുദ്ധം; സ്വർണവിലയിൽ കുതിച്ചുചാട്ടം

**കൊച്ചി:** സംസ്ഥാനത്ത് സ്വർണവിലയിൽ വൻ കുതിപ്പ്. ഗ്രാമിന് 140 രൂപയും പവന് 1120 രൂപയുമാണ് വർധിച്ചത്. ഇതോടെ സ്വർണവില ഗ്രാമിന് 5,540 രൂപയും പവന് 44,320 രൂപയുമായി.

നേരത്തേ ഒറ്റദിവസം ഗ്രാമിന് 150 രൂപ വർധിച്ചിട്ടുണ്ടെങ്കിലും അത് രണ്ടുതവണയായാണു വർധിച്ചത്. എന്നാൽ ഇന്നലെ രാവിലെ സ്വർണവില ഗ്രാമിന് 140 രൂപ വർധിച്ചത് ഒറ്റത്തവണയായതിനാൽ റിക്കാർഡ് വർധനയാണുണ്ടായത്.

ഇസ്രയേൽ ഹമാസ് യുദ്ധത്തിൻറെ പശ്ചാത്തലത്തിലാണ് സ്വർണവില വർധിക്കുന്നത്. ലോകമെമ്പാടുമുള്ള വൻകിട നിക്ഷേപകർ സ്വർണത്തിൽ കൂടുതലായി നിക്ഷേപിച്ച് സ്വർണം വാങ്ങിക്കൂട്ടുന്നു. യുദ്ധസാഹചര്യങ്ങളിൽ അയവുണ്ടാകുമ്പോൾ ഉയർന്ന വിലയിൽ ലാഭമെടുത്ത് പിന്മാറുമ്പോൾ സ്വർണവില കുറയും.

രണ്ടാഴ്ചയ്ക്കിടെ സ്വർണവില ഗ്രാമിന് 280 രൂപ വരെ കുറയുകയും, ഇസ്രയേൽഹമാസ് യുദ്ധപശ്ചാത്തലത്തിൽ ഒരാഴ്ചയ്ക്കിടെ ഗ്രാമിന് 300 രൂപ വർധിക്കുകയുമാണുണ്ടായത്. കഴിഞ്ഞ മാസം 20ന് ഗ്രാമിന് 5520 രൂപയായിരുന്ന സ്വർണവില ഗ്രാമിന് പടിപടിയായി കുറഞ്ഞ് ഒക്ടോബർ അഞ്ചിന് 5240 രൂപയായി.

ഒക്ടോബർ ഏഴിന് യുദ്ധം പൊട്ടിപ്പുറപ്പെട്ടതോടെ വില കുതിച്ചുയരുകയായിരുന്നു. യുദ്ധം രൂക്ഷമാകുന്ന സാഹചര്യത്തിൽ വിലവർധന തുടരാനാണു സാധ്യത.

അന്താരാഷ്ട്ര സ്വർണവില 2020 ഓഗസ്റ്റ് മാസത്തിൽ 2074.88 ഡോളറായിരുന്നു. ഇതാണ് എക്കാലത്തെയും ഉയർന്ന വില.

കേരള വിപണിയിൽ കഴിഞ്ഞ മേയ് അഞ്ചിന് ഗ്രാമിന് 5720 രൂപയും പവന് 45,760 രൂപയുമായിരുന്നു റിക്കാർഡ് വില. കഴിഞ്ഞ മാർച്ച് 18 ന് ഗ്രാമിന് 150 രൂപയുടെയും പവന് 1200 രൂപയുടെ വർധന ഒറ്റ ദിവസംതന്നെ ഉണ്ടായിട്ടുണ്ട്

## ഇസ്രയേൽ ആക്രമണം; ഗാസയിൽ മരണം 2,450 ആയെന്ന് പലസ്തീൻ ആരോഗ്യമന്ത്രാലയം

**ടെൽ അവീവ്:** ഇസ്രയേൽ ഹമാസ് യുദ്ധം ശക്തമായി തുടരവെ ഗാസയിൽ ഇസ്രയേൽ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 2,450 ആയെന്ന് റിപ്പോർട്ട്. പലസ്തീൻ ആരോഗ്യമന്ത്രാലയമാണ് ഇക്കാര്യം അറിയിച്ചതെന്നും റിപ്പോർട്ടിലുണ്ട്.

ആക്രമണത്തിൽ 9,200 പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും മന്ത്രാലയം പുറത്ത് വിട്ട അറിയിപ്പിലുണ്ട്. ഹമാസ് ഭീകരർ നടത്തിയ ആക്രമണത്തിൽ ഇസ്രയേലിൽ 1,400 പേർ കൊല്ലപ്പെട്ടതായി ഇസ്രയേൽ പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹുവിൻറെ ഓഫീസ് അറിയിച്ചു.

യുദ്ധം രൂക്ഷമായിരിക്കുന്ന ഗാസയിലേക്കുള്ള ജലവിതരണം ഭാഗികമായി പുനഃസ്ഥാപിച്ചുവെന്ന ഇസ്രയേലിൻറെ വാദം ഗാസ അധികൃതർ സ്ഥിരീകരിച്ചില്ലെന്ന് ഞായറാഴ്ച റിപ്പോർട്ട് വന്നിരുന്നു.

തെക്കൻ ഗാസയിലേക്കുള്ള ജലവിതരണം പുനഃസ്ഥാപിച്ചതായി ഇസ്രയേൽ ഊർജ മന്ത്രി ഇസ്രയേൽ കാട്സ് പറഞ്ഞു.

ഇതിനു പിന്നാലെ ജലവിതരണം ഭാഗികമായി പുനഃസ്ഥാപിച്ചെന്ന് ഇസ്രയേൽ അറിയിച്ചതായി വാർത്താ മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക്ക് സള്ളിവനും പറഞ്ഞിരുന്നു.



# വിഴിഞ്ഞത്ത് ചരിത്രനിമിഷം
# ആദ്യകപ്പലിനെ വരവേറ്റ് മുഖ്യമന്ത്രി

**തിരുവനന്തപുരം:** കേരളത്തിൻറെ വികസനസ്വപ്നങ്ങൾക്കു കുതിപ്പു പകരുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ ആദ്യമായി എത്തിയ ചരക്കു കപ്പലിനെ വരവേറ്റ് കേരളം.വൈകുന്നേരം നാലിന് തുറമുഖത്തിൻെറ ബെർത്തിൽ എത്തിയ ഷെൻ ഹുവ 15 എന്ന ചൈനീസ് കപ്പലിനെ മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ പതാകവീശിയും ബലൂൺ പറത്തിയും വാട്ടർ സല്യൂട്ട് നൽകിയും വരവേറ്റു.

കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളും കേരളത്തിലെ മന്ത്രിമാരും ജനപ്രതിനിധികളും കപ്പലിനെ വരവേൽക്കാനെത്തിയിട്ടുണ്ട്. തുടർന്ന് സ്റ്റേജിൽ ഉദ്ഘാടനപരിപാടികൾ ആരംഭിച്ചു.

സംസ്ഥാന തുറമുഖമന്ത്രി അഹമ്മദ് ദേവർകോവിലിൻറെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കേന്ദ്ര ഷിപ്പിംഗ് വാട്ടർവേയ്സ് ആൻഡ് ആയുഷ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയായി. കേന്ദ്രമന്ത്രി വി. മുരളീധരൻ, വി. ശിവൻകുട്ടി, കെ. രാജൻ, വി.ഡി. സതീശൻ, ശശി തരൂർ, എം. വിൻസൻറ് എംഎൽഎ, ആര്യ രാജേന്ദ്രൻ, അദാനി വിഴിഞ്ഞം പോർട്ട്സ് ലിമിറ്റഡ് ചെയർമാൻ കരൺ അദാനി എന്നിവർ പ്രസംഗിക്കും. മന്ത്രിമാരും മറ്റു നേതാക്കളും സന്നിഹിതരായി.

ആദ്യകപ്പൽ എത്തുന്ന ചടങ്ങിനോടനുബന്ധിച്ച് കനത്ത സുരക്ഷയാണ് തുറമുഖ പ്രദേശത്ത് ഏർപ്പെടുത്തിയിരിക്കുന്നത്. സുരക്ഷയ്ക്കായി രണ്ടായിരത്തോളം പോലീസുകാരെ വിന്യസിച്ചു. കരയിലും കടലിലും നിരീക്ഷണമുണ്ടാകും. അയ്യായിരം പേർക്ക് ഇരിക്കാവുന്ന പന്തലാണ് ഒരുക്കിയത്. പൊതുജനങ്ങൾക്കു പ്രവേശനമുണ്ടായിരുന്നു.

ആയിരം ദിവസംകൊണ്ട് പൂർത്തിയാക്കാമെന്ന വാഗ്ദാനത്തോടെ 2015 ഡിസംബർ 15 നാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൻെറ നിർമാണം ആരംഭിച്ചത്. നിരവധി പ്രതിസന്ധികളെ നേരിട്ട് ഒടുവിൽ എട്ടാം വർഷമാണ് ക്രെയിനുമായി ആദ്യ കപ്പൽ എത്തിച്ചേർന്നത്.

അടുത്ത വർഷം ഡിസംബറിൽ നിർമാണം പൂർത്തിയാക്കി അന്താരാഷ്ട്ര തലത്തിൽ ചരക്കു നീക്കം ആരംഭിക്കാൻ സാധിക്കുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. പ്രതിവർഷം 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാൻ സാധിക്കുന്ന രാജ്യത്തെ മുൻനിര തുറമുഖമായി വിഴിഞ്ഞം മാറും.





എറണാകുളം ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയത്തിൽ നടന്ന വായ്പ കുടിശ്ശിക നിർമ്മാർജ്ജന അദാലത്ത് ഖാദി ബോർഡ് മെമ്പർ കെ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു. പി.എ അഷിത, മാധവൻ നമ്പൂതിരി, സജിത മണി, എം. അജിത തുടങ്ങിയവർ സമീപം

# വായ്പ കുടിശ്ശിക നിർമ്മാർജ്ജന അദാലത്ത് നടത്തി

**കൊച്ചി:** കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ വായ്പ കുടിശ്ശിക നിർമ്മാർജ്ജന അദാലത്ത് സംഘടിപ്പിച്ചു. എറണാകുളം ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയത്തിൽ നടന്ന അദാലത്ത് ഖാദി ബോർഡ് മെമ്പർ കെ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. ബോർഡ് ഡയറക്ടർ മാധവൻ നമ്പൂതിരി അധ്യക്ഷത വഹിച്ചു. പ്രോജക്ട് ഓഫിസർ പി.എ അഷിത, സജിത മണി, എം. അജിത തുടങ്ങിയവർ പങ്കെടുത്തു. ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും പാറ്റേൺ/സി.ബി.സി പദ്ധതി പ്രകാരം വായ്പെടുത്ത് ദീർഘകാല കുടിശിഖ വരുത്തിയിട്ടുള്ള എറണാകുളം ജില്ലയിലെ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമായിരുന്നു അദാലത്ത് സംഘടിപ്പിച്ചത്.

# മുത്തൂറ്റ് എം ജോർജ്ജ് എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** സ്വർണ്ണ വായ്പ എൻബിഎഫ്സിയായ മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് അർഹരായ 122 വിദ്യാർത്ഥികൾക്ക് 2023 മുത്തൂറ്റ് എം ജോർജ്ജ് എക്സലൻസ് അവാർഡുകൾ നൽകി. ഈ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ 61 സർക്കാർ സ്കൂളുകളിലെ 8, 9 ക്ലാസുകളിലെ ഓരോ വിദ്യാർത്ഥിക്കും മെമൻറോയ്ക്കൊപ്പം 3000 രൂപ ക്യാഷ് പ്രൈസ് നൽകി .ചടങ്ങിൽ എറണാകുളം എംപി ഹൈബി ഈഡൻ മുഖ്യാതിഥിയായിരുന്നു.മുത്തൂറ്റ് ഫിനാൻസ് പോലുള്ള വ്യവസായ രംഗത്തെ പ്രമുഖർ വിദ്യാഭ്യാസത്തിന് അവരുടെ സിഎസ്ആറിൽ മുഖ്യസ്ഥാനം നൽകുന്നതിൽ വളരെയധികം സന്തോഷം ഉണ്ടെന്ന് ഹൈബി ഈഡൻ എംപി പറഞ്ഞു.

പഠനത്തിൽ മികവ് പുലർത്തിയ വിദ്യാർത്ഥികളെ അഭിനന്ദിക്കാനും താൻ ആഗ്രഹിക്കുന്നു. ഈ യുവ നേതൃത്വത്തിനായി എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യമായ പഠനത്തിനും വികസനത്തിനും സർക്കാർ ബോധപൂർവമായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ ഇത്തരം പദ്ധതിയുടെ നേട്ടങ്ങൾ കൊയ്യാൻ കൂട്ടായ പരിശ്രമങ്ങൾ ആവശ്യമാണെന്ന് വിശ്വസിക്കുന്നു. ഈ വിദ്യാർത്ഥികളുടെ ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരാനുള്ള ഒരു പൊതു ലക്ഷ്യത്തിലേക്ക് ഈ സംയുക്ത പരിശ്രമങ്ങൾ മികച്ച നേട്ടങ്ങൾ കൊണ്ടുവരുമെന്ന് തനിക്ക് ഉറപ്പുണ്ടെന്ന്ഹൈബി ഈഡൻ വ്യക്തമാക്കി. മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് അധ്യക്ഷത വഹിച്ചു.

സ്കൂൾ വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം തടസ്സമില്ലാതെ തുടരുന്നതിന് മുത്തൂറ്റ് ഫിനാൻസ് നടത്തുന്ന ഒരു സിഎസ്ആർ പദ്ധതിയാണ് മുത്തൂറ്റ് എം ജോർജ്ജ് എക്സലൻസ് അവാർഡ്. ഈ അധ്യയന വർഷത്തിൽ എറണാകുളത്തിന് പുറമെ ബെംഗളൂരു, ചെന്നൈ, മധുരൈ, മംഗലാപുരം, മുംബൈ, ഡൽഹി, കോട്ടയം, ആലപ്പുഴ തുടങ്ങിയ നഗരങ്ങളിലായി 1053 വിദ്യാർത്ഥികൾക്ക് വരും മാസങ്ങളിൽ സിഎസ്ആർ പദ്ധതിയ്ക്ക് കീഴിൽ ഈ പ്രയോജനം ലഭ്യമാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നതെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.ഇതിനായി ഈ അധ്യയന വർഷം മുത്തൂറ്റ് ഫിനാൻസ് 31,59,000 രൂപ ബജറ്റിൽ വകയിരുത്തിയെന്നും അദ്ദേഹം വ്യക്തമാക്കി



# കൊച്ചി മെട്രോ വാട്ടർ മെട്രോ യാത്ര ആസ്വദിച്ച് 600ലേറെ വയോജനങ്ങൾ

## യാത്ര ഒരുക്കിയത് കൊച്ചി മെട്രോയും വാഴൂർ പഞ്ചായത്തും

**കൊച്ചി:** 60 വയസിനു മുകളിലുള്ള 600 പേരടങ്ങുന്ന വയോജനങ്ങളുടെ സംഘം കൊച്ചി മെട്രോ റെയിലിലും, വാട്ടർ മെട്രോയിലും യാത്ര നടത്തി.

കോട്ടയം വാഴൂർ ഗ്രാമ പഞ്ചായത്തിൽ നിന്നാണ് കൊച്ചി മെട്രോയിലേക്ക് സംഘം എത്തിയത്. പഞ്ചായത്ത് പ്രസിഡന്റ് വി.പി. റെജിയുടെ നേതൃത്വത്തിൽ മെമ്പർമാരടക്കം 55 വോളണ്ടിയർമാരുൾപ്പെടെ 655 പേരടങ്ങുന്നതായിരുന്നു സംഘം. കെ.എം.ആർ.എല്ലിന്റെ സഹകകരണത്തോടെയായിരുന്നു യാത്ര.

16 ബസുകളിലായി രാവിലെ 10 മണിയോടെ സംഘം തൃപ്പൂണിത്തുറയിൽ നിന്ന് രണ്ടായി തിരിഞ്ഞാണ് യാത്ര നടത്തിയത്. ബസുകൾക്ക് മറൈൻ ഡ്രൈവ് ഹെലിപ്പാഡ് ഗ്രൗണ്ട് ,ഇടപ്പള്ളി മെട്രോ പാർക്കിംഗ് ഗ്രൗണ്ട് എന്നിവിടങ്ങളിലായാണ് പാർക്കിംഗ് സംവിധാനം ഒരുക്കിയത്.ഒരു സംഘം നേരിട്ട് ഹൈക്കോടതി ജംഗ്ഷനിലെ വാട്ടർ മെട്രോ ടെർമിനലിലെത്തി വാട്ടർ മെട്രോ യാത്ര നടത്തി. രണ്ടാമത്തെ സംഘം എസ്.എൻ ജംഗ്ഷൻ മെട്രോ സ്റ്റേഷനിൽ നിന്ന് ഇടപ്പള്ളി സ്റ്റേഷനിലേക്ക് മെട്രോ റെയിൽ യാത്ര നടത്തി . ആദ്യം വാട്ടർമെട്രോയിൽ യാത്ര ചെയ്ത സംഘം അതിനു ശേഷം റോഡ് മാർഗം മുട്ടം സ്റ്റേഷനിലെത്തി അവിടെ നിന്ന് തൃപ്പൂണിത്തുറ എസ്.എൻ ജംഗ്ഷനിലേക്ക് മെട്രോ റെയിൽ യാത്ര നടത്തി .മെട്രോ റെയിലിൽ സഞ്ചരിച്ച് ഇടപ്പള്ളിയിലിറങ്ങിയ ആദ്യ സംഘം റോഡ് മാർഗം ഹൈക്കോടതി ജംഗ്ഷനിലെ ടെർമിനലിലെത്തി വാട്ടർ മെട്രോ യാത്ര നടത്തി.വാട്ടർ മെട്രോ ടെർമിനലിലും ബോട്ടുകളിലും മെട്രോ റെയിൽ സ്റ്റേഷനുകളിലും മെട്രോ റെയിൽ വാട്ടർ മെട്രോ ജീവനക്കാരുടെയും മറ്റ് കെ.എം.ആർ.എൽ അധികൃതരുടെയും മേൽനോട്ടത്തിലായിരുന്നു യാത്ര.

വാർത്താ ചാനലുകളിലൂടെയും സോഷ്യൽ മീഡിയയയിലൂടെയും മാത്രം കണ്ടും കേട്ടുമറിഞ്ഞ മെട്രോ റെയിൽ യാത്രയാണ് ഏവരെയും അത്ഭുതപ്പെടുത്തിയത്. ഉയരങ്ങളിലൂടെയുള്ള ട്രെയിൻ യാത്ര എല്ലാവർക്കും പുതിയ അനുഭവം ആയിരുന്നു. പൊതുഗതാഗത രംഗത്തു വന്ന മാറ്റങ്ങൾ നേരിൽ അറിഞ്ഞു തികഞ്ഞ സന്തോഷത്തോടെയാണ് ഇവർ വാഴൂരിലേക്ക് മടങ്ങിയത്.600 വയോജനങ്ങൾ എത്തുന്നതിനാൽ പഞ്ചായത്ത് അധികൃതരും മെട്രോ അധികൃതരും തമ്മിൽ കഴിഞ്ഞ ദിവസം നേരിട്ടുള്ള ചർച്ചകൾ നടത്തിയാണ് സൗകര്യങ്ങൾ ഒരുക്കിയത്. മുൻകൂട്ടി നിശ്ചയിച്ചത് പ്രകാരം തന്നെ ഇരു വിഭാഗവും ചേർന്ന് യാത്രകൾ പൂർത്തിയാക്കി. മെട്രോയുടെ ഭാഗത്തു നിന്നുള്ള സഹകരണം വളരെ വലുതായിരുന്നു എന്നും ഇത്രയധികം പേർക്ക് അതി നൂതന ഗതാഗത സംവിധാനങ്ങൾ പരിചയപ്പെടിത്താനായതിൽ സന്തോഷമുണ്ടെന്നും വാഴൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി.പി. റെജി പറഞ്ഞു.ഒരുമിച്ചെത്തിയ ഇത്രയധികം ആളുകൾക്ക് ഒരു ബുദ്ധിമുട്ടും കൂടാതെ സൗകര്യങ്ങൾ ഒരുക്കനായതിലും ഇത്ര വലിയ പിന്തുണ ലഭിക്കുന്ന തരത്തിലേക്ക് മെട്രോ മുന്നേറിയതിലും അഭിമാനമുണ്ടെന്ന് കെ എം ആർ എൽ അധികൃതരും പറഞ്ഞു.

# എസ്.എം.എ. രോഗികളുടെ എല്ലാ മാതാപിതാക്കൾക്കും 3 മാസത്തിനുള്ളിൽ വിദഗ്ധ പരിശീലനം

**തിരുവനന്തപുരം:** അപൂർവ രോഗമായ സ്പൈനൽ മസ്കുലർ അട്രോഫി (എസ്.എം.എ) ബാധിച്ച കുട്ടികളുടെ എല്ലാ മാതാപിതാക്കൾക്കും 3 മാസത്തിനുള്ളിൽ ചെസ്റ്റ് ഫിസിയോതെറാപ്പി പരിശീലനം നൽകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ മാതാപിതാക്കൾക്കാണ് പരിശീലനം നൽകുന്നത്. എം.എസ്.എ. ബാധിച്ച കുട്ടികളെ ഏറ്റവും അലട്ടുന്ന പ്രശ്നമാണ് ശ്വാസകോശത്തിൽ കഫം കെട്ടുന്നത്. ഇതിന് ഏറ്റവും ഫലപ്രദമാണ് ചെസ്റ്റ് ഫിസിയോതെറാപ്പി. പലപ്പോഴും ഫിസിയോതെറാപ്പിസ്റ്റുകളുടെ അടുത്ത് കുട്ടിയെ എത്തിക്കാൻ കഴിയാതെ ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യമുണ്ട്. ഇത് പരിഹരിക്കുന്നതിനാണ് ആരോഗ്യ വകുപ്പ് കുട്ടികളുടെ രക്ഷിതാക്കൾക്ക് തന്നെ ചെസ്റ്റ് ഫിസിയോതെറാപ്പിയിൽ വിദഗ്ധ പരിശീലനം നൽകാൻ തീരുമാനിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

എസ്.എം.എ. ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾക്കുള്ള ചെസ്റ്റ് ഫിസിയോതെറാപ്പി പരിശീലനം തിരുവനന്തപുരം അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിംഗ് സെന്ററിൽ നടന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലേയും അമൃത ഇൻസ്റ്റിറ്റ്യൂട്ടിലേയും വിദഗ്ധരാണ് പരിശീലനം നൽകിയത്. 30 ഓളം പേർക്കാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകിയത്.എസ്.എം.എ. രോഗികളുടെ ചികിത്സയ്ക്കായി സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. എസ്.എ.ടി. ആശുപത്രിയെ സെന്റർ ഓഫ് എക്സലൻസായി അടുത്തിടെ കേന്ദ്രം ഉയർത്തിയിരുന്നു. ആദ്യമായി എസ്.എ.ടി. ആശുപത്രിയിൽ എസ്.എം.എ. ക്ലിനിക് ആരംഭിച്ചു.

# സോഫ്റ്റ് വെയർ വികസനം: കൊച്ചി കേന്ദ്രത്തെ ഇന്ത്യയിലെ ഹബ്ബാക്കുമെന്ന് ഐബിഎം

**കൊച്ചി:** കൊച്ചിയിലെ ഐബിഎം സോഫ് വെയർ ലാബിനെ ഇന്ത്യയിലെ പ്രധാന കേന്ദ്രമാക്കുമെന്ന് ഐബിഎം സീനിയർ വൈസ് പ്രസിഡൻറ് ദിനേശ് നിർമ്മൽ പറഞ്ഞു. ഐബിഎമ്മിൻറെ പ്രവർത്തനം തുടങ്ങി ഒരു വർഷമാകുമ്പോഴാണ് കേരളത്തിലെ പ്രവർത്തനം വിപുലീകരിക്കാൻ ഐബിഎം ഒരുങ്ങുന്നത്.

വ്യവസായ മന്ത്രി പി രാജീവ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല ഐഎഎസ് എന്നിവരുമായി നടത്തിയ ചർച്ചയിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് ആറു മാസം നീണ്ടു നിൽക്കുന്ന മുഴുവൻ സമയ പ്രതിഫലം ലഭിക്കുന്ന ഇൻറേൺഷിപ്പ് നൽകാൻ ധാരണയായി. ഇതു വഴി വിദ്യാർത്ഥികൾക്ക് പഠനകാലയളവിൽ തന്നെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രവർത്തന പരിചയം ലഭിക്കാൻ ഇതു വഴി സൗകര്യമൊരുങ്ങും.കൊച്ചിയിലെ ഐബിഎം ലാബ് രാജ്യത്തെ പ്രധാന കേന്ദ്രമാകുന്നതോടെ വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രൊഫഷണലുകളെ നാട്ടിലേക്ക് തിരികെയെത്തിക്കാൻ സാധിക്കുമെന്ന് പി രാജീവ് പറഞ്ഞു.

ഐബിഎമ്മിൻറെ സോഫ് വെയർ ഉത്പന്നങ്ങൾ ഉപയോഗിക്കുന്ന ഒന്നാം കിട ആഗോള കമ്പനികൾ കേരളത്തിലേക്കെത്താനുള്ള സാധ്യതയുണ്ട്. ഇന്ന് ലോകത്തെ എണ്ണം പറഞ്ഞ കമ്പനികളും ഉപയോഗിക്കുന്ന പല എഐ, ഡാറ്റാ സോഫ്റ്റ് വെയറുകളും കേരളത്തിൽ വികസിപ്പിച്ചെടുത്തതാണെന്നും മന്ത്രി പറഞ്ഞു.വർഷം കേരളത്തിൽ നിന്ന് 200 മുതൽ 300 പേരെ ഐബിഎം റിക്രൂട്ട് ചെയ്യുന്നുണ്ട്. ഇതിനു പുറമെ 300 വിദ്യാർത്ഥികളെ ഇൻറേൺഷിപ്പിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ദിനേശ് നിർമ്മൽ പറഞ്ഞു. പി രാജീവ്, സുമൻ ബില്ല, ദിനേശ് നിർമ്മൽ എന്നിവരാണ് വാർത്താസമ്മേളനത്തിൽ സംബന്ധിച്ചത്.സംസ്ഥാനത്തെ വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കാനുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിൻറെ ചുവടുപിടിച്ചാണ് ഐബിഎം ഇന്ത്യയിലെ അഞ്ചാമത്തെ സോഫ്റ്റ്വെയർ ലാബ് കേരളത്തിൽ സ്ഥാപിക്കാൻ തീരുമാനിച്ചത്. കൊച്ചിയിലെ ഇൻഫോപാർക്കിൽ തുടങ്ങിയ ലാബ് ഒരു വർഷം കൊണ്ടു തന്നെ രാജ്യത്തെ ഏറ്റവും പ്രധാന സോഫ്റ്റ്വെയർ വികസന കേന്ദ്രമായി മാറി. നിലവിൽ 1500 ൽപ്പരം ജീവനക്കാരാണ് കൊച്ചി ലാബിൽ ജോലി ചെയ്യുന്നത്. പ്രവർത്തനം വ്യാപിപ്പിക്കുന്നതിൻറെ ഭാഗമായി കൂടുതൽ വലിയ ഓഫീസ് സമുച്ചയത്തിലേക്ക് ഐബിഎം മാറാനൊരുങ്ങുകയാണ്.

# മൂന്നാം വാരത്തിൽ 70 കോടിയിലേക്ക് കുതിച്ച് കണ്ണൂർ സ്ക്വാഡ്

**കൊച്ചി:** മമ്മൂട്ടിയുടെ കണ്ണൂർ സ്ക്വാഡ് മൂന്നാം വാരത്തിലേക്കു കടക്കുകയാണ്. ആഗോളവ്യാപകമായി എഴുപതു കോടി കളക്ഷനിലേക്കു കുതിക്കുകയാണ് ചിത്രം.

മൂന്നാം വാരത്തിലും മുന്നൂറില്പരം സ്ക്രീനുകളിലാണ് ചിത്രം കേരളത്തിൽ വിജയകരമായി പ്രദർശിപ്പിക്കുന്നത്. ചിത്രത്തിന്റെ സക്സസ് ടീസർ കഴിഞ്ഞ ദിവസം റിലീസ് ചെയ്തിരുന്നു. മമ്മൂട്ടി കമ്പനി നിർമ്മിച്ച നാലാമത്തെ ചിത്രമാണ് കണ്ണൂർ സ്ക്വാഡ്. കർണാടക , തമിഴ്നാട് ആന്ധ്ര പ്രദേശ് ,നോർത്ത് ഇന്ത്യ ഉൾപ്പെടെയുള്ള മേഖലകളിൽ മൂന്നാം വാരത്തിലും 100 നു മേലെ സ്ക്രീനുകളിൽ ആണ് ചിത്രം വിജയകരമായി പ്രദർശിപ്പിക്കുന്നത്. ജി.സി.സി, യു എസ്, യു കെ മറ്റു വിദേശ രാജ്യങ്ങളിലും മികച്ച കളക്ഷനും ഫാസ്റ്റ് ഫില്ലിംഗ് ഷോകളുമായി മുന്നേറുകയാണ് കണ്ണൂർ സ്ക്വാഡ്. റോബി വർഗീസ് രാജ് സംവിധാനം ചെയ്ത ചിത്രത്തിന്റെ തിരക്കഥ റോണിയും ഷാഫിയും ചേർന്നൊരുക്കുന്നു.




സുഷിൻ ശ്യാം ആണ് ചിത്രത്തിന്റെ സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്നത്.മെഗാ സ്റ്റാർ മമ്മൂട്ടിയോടൊപ്പം കിഷോർ, വിജയരാഘവൻ, അസീസ് നെടുമങ്ങാട്, ഡോക്ടർ റോണി, ശബരീഷ്,അർജുൻ രാധാകൃഷ്ണൻ, ദീപക് പറമ്പൊൾ, ധ്രുവൻ തുടങ്ങിയവർ മറ്റു പ്രധാന കഥാപാത്രങ്ങളിലെത്തുന്നു. ചിത്രത്തിന്റെ എക്സിക്യൂട്ടിവ് പ്രൊഡ്യൂസർ : എസ്സ്.ജോർജ്, ഛായാഗ്രഹണം : മുഹമ്മദ് റാഫിൽ, എഡിറ്റിങ് : പ്രവീൺ പ്രഭാകർ, ലൈൻ പ്രൊഡ്യൂസർ : സുനിൽ സിംഗ്, പ്രൊഡക്ഷൻ കൺട്രോളർ : പ്രശാന്ത് നാരായണൻ, ചീഫ് അസോസിയേറ്റ് ഡയറക്ടേഴ്സ് : ജിബിൻ ജോൺ, അരിഷ് അസ്ലം, ചീഫ് അസ്സോസിയേറ്റ് ക്യാമറാമാൻ : റിജോ നെല്ലിവിള, പ്രൊഡക്ഷൻ ഡിസൈനർ : ഷാജി നടുവിൽ, മേക്കപ്പ് : റോണെക്സ് സേവ്യർ, വസ്ത്രാലങ്കാരം : അരുൺ മനോഹർ, അഭിജിത്, സൗണ്ട് ഡിസൈൻ : ടോണി ബാബു എംപിഎസ്ഇ, അസോസിയേറ്റ് ഡയറക്ടേഴ്സ് : വി ടി ആദർശ്, വിഷ്ണു രവികുമാർ, വി എഫ് എക്സ്: ഡിജിറ്റൽ ടർബോ മീഡിയ, വിശ്വാ എഫ് എക്സ്, സ്റ്റിൽസ്: നവീൻ മുരളി, വിതരണം ഓവർസീസ് : ട്രൂത്ത് ഗ്ലോബൽ ഫിലിംസ്, ഡിസൈൻ: ആന്റണി സ്റ്റീഫൻ,ടൈറ്റിൽ ഡിസൈൻ : അസ്തെറ്റിക് കുഞ്ഞമ്മ, ഡിജിറ്റൽ മാർക്കറ്റിംഗ് : വിഷ്ണു സുഗതൻ, പി ആർ ഒ : പ്രതീഷ് ശേഖർ.

# 411 സ്കൂൾ കെട്ടിടങ്ങൾ പൂർത്തിയാക്കിയെന്ന് ശിവൻകുട്ടി

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും അതിന്റെ തുടർച്ചയായുള്ള വിദ്യാകിരണം പദ്ധതിയും പൊതുവിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കിയതായി പൊതുവിദ്യാഭ്യാസതൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകുന്ന പദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന 973 സ്കൂൾ കെട്ടിടങ്ങളിൽ 411 എണ്ണം പൂർത്തിയാക്കാനായി. 127ൽ അധികം സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം ഈ അക്കാദമിക വർഷത്തിനുള്ളിൽ പൂർത്തിയാക്കും. ബാക്കി കെട്ടിടങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. രണ്ടായിരത്തി അറുന്നൂറ് കോടിയിലധികം രൂപയാണ് സ്കൂൾ കെട്ടിട നിർമ്മാണത്തിന് മാത്രമായി കിഫ്ബി പദ്ധതി പ്രകാരം നീക്കി വെച്ചിട്ടുള്ളതെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

വിദ്യാഭ്യാസ മേഖലയിൽ കേരളവുമായുള്ള സഹകരണത്തിന്റെ തുടർച്ചയായി ഫിൻലന്റ് വിദ്യാഭ്യാസ മന്ത്രി മിസ് അന്ന മജ ഹെന്റിക്സൺ, ഫിൻലന്റ് അംബാസഡർ, ഫിൻലന്റ് കോൺസുലേറ്റ് ജനറൽ എന്നിവർ അടങ്ങുന്ന ഉന്നതതല സംഘം സംസ്ഥാനത്ത് എത്തി ചർച്ച നടത്തും.

# മിയ ബൈ തനിഷ്ക് സ്റ്റാർബസ്റ്റ് ശേഖരം അവതരിപ്പിച്ചു

**കൊച്ചി:** മിയ ബൈ തനിഷ്ക് ആഭരണ ശേഖരമായ സ്റ്റാർബസ്റ്റ് കളക്ഷൻ വിപണിയിലവതരിപ്പിച്ചു. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ എന്നിവ ദസറയുടെ ഉൽസവഛായ പ്രതിഫലിപ്പിക്കുന്നതിൻറെ ആവേശം ഉൾക്കൊള്ളുന്നതാണ് ഈ ശേഖരം. 2999 രൂപ മുതലാണ് സ്റ്റാർബസ്റ്റ് ശേഖരത്തിലെ ആഭരണങ്ങളുടെ വില ആരംഭിക്കുന്നത്. ഓരോ വനിതയുടേയും വ്യക്തിത്വം പ്രതിഫലിപ്പിക്കുന്നു എന്ന് ഉറപ്പാക്കുന്നത്ര വൈവിധ്യമാർന്ന ശ്രേണിയാണ് ഈ ശേഖരത്തിലേതെന്ന് മിയ ബൈ തനിഷ്ക് ബിസിനസ് മേധാവി ശ്യാമള രമണൻ പറഞ്ഞു. ക്ലാസിക്കുകൾക്ക് സമകാലീക മാറ്റം നൽകിക്കൊണ്ട് കാലാതീതമായ ചാന്ദ് ബാലി ഇയർറിങുകളുടെ ആധുനിക പതിപ്പും സ്റ്റാർബസ്റ്റ് ശേഖരം അവതരിപ്പിക്കുന്നുണ്ട്. റീഗൽ ബ്ലൂ സഫൈർ ആംകഫുകൾ മുതൽ സവിശേഷമായ ഇയർ റിങുകൾ വരെ ഓരോ ആഭരണവും ശക്തമായ പ്രതിഫലനങ്ങളാണു സൃഷ്ടിക്കുക. ആധുനിക ഹാത്ത്ഫൂൽസും നെയിൽ റിങുകളും ചന്ദ്രൻറേയും നക്ഷത്രങ്ങളുടേയും പശ്ചാത്തലത്തിലുള്ള ഡയമണ്ടുകളും സൂര്യചന്ദ്ര ദ്വന്ദതയെ സൂചിപ്പിക്കുന്ന ആഭരണങ്ങളും സ്റ്റാർബസ്റ്റ് ശേഖരത്തിലുണ്ട്.




ചെറിയ കമ്മലുകൾ മുതൽ ഫ്യൂഷൻ വെയറിനായുള്ള സമകാലീക ചാന്ദ്ബാലീസ് വരെയുള്ള ഇരുന്നൂറിലേറെ ഡിസൈനുകളാണ് വിപുലമായ സ്റ്റാർബസ്റ്റ് ശേഖരത്തിലുള്ളത്. പെൻഡൻറുകൾ, ഇയർറിങുകൾ, ഫിംഗർ റിങുകൾ, ബ്രേസ് ലെറ്റുകൾ, നെക്ലസ്, മാച്ചിങ് സെറ്റുകളും കോമ്പിനേഷനുകളും തുടങ്ങി എല്ലാവർക്കും വേണ്ട എന്തെങ്കിലും ഇതിലുണ്ടാകും. ഈ ശേഖരത്തിലെ ആഭരണങ്ങളുടെ വില 3000 രൂപ മുതൽ 70000 രൂപ വരെയാണ്.

പരമ്പരാഗത ഉൽസവ വേളകൾക്കും ഡാൻസ് നൈറ്റുകൾക്കും പാർട്ടികൾക്കും പ്രതിദിന ഉപയോഗത്തിനും സ്റ്റാർബസ്റ്റ് ശേഖരം അനുയോജ്യമാണ്. ഇയർറിങുകൾ, പെൻഡൻറുകൾ, നെക്പീസുകൾ മുതലായവ ഇതിലുണ്ട്. ഈ ശേഖരം എല്ലാ മിയാ സ്റ്റോറുകളിലും ००০.ാശമയ്യമേിശവൈ.രീാ ലും ലഭ്യമാണെന്നും ശ്യാമള രമണൻ പറഞ്ഞു.

# ആക്സിസ് ബാങ്ക് സ്പർഷ് വാരം ആചരിച്ചു

**കൊച്ചി:** ഉപഭോക്താക്കളുമായുള്ള ബന്ധം കൂടുതൽ ശക്തമാക്കാനുള്ള നീക്കങ്ങളുമായി ആക്സിസ് ബാങ്ക് സ്പർഷ് വാരം ആചരിച്ചു. ആക്സിസ് ബാങ്കിൻറെ അയ്യായിരത്തിലേറെ ബ്രാഞ്ചുകളും റീട്ടെയിൽ അസറ്റ് സെൻററുകളും ഇതിൻറെ ഭാഗമായുള്ള പരിപാടികളിൽ പങ്കാളികളായി.

പതിനഞ്ചിലേറെ പരിപാടികൾ ഇതിൻറെ ഭാഗമായി സംഘടിപ്പിക്കുകയും ബാങ്കിൻറെ 95000 ജീവനക്കാർക്കും അവ ലൈവ് ആയി ബ്രോഡ്കാസ്റ്റ് ചെയ്യുകയുമുണ്ടായി. ചെവി കൊടുക്കുക, പ്രവർത്തിക്കുക, ആഘോഷിക്കുക എന്ന തത്വത്തിൻറെ അടിസ്ഥാനത്തിലായിരുന്നു ഈ വർഷത്തെ സ്പർഷ് വാര പരിപാടികൾ. ഉപഭോക്താക്കളെ സംബന്ധിച്ച് തങ്ങൾ വെറുമൊരു ബാങ്ക് മാത്രമല്ല അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ പിന്തുണക്കുന്ന പങ്കാളി കൂടിയാണെന്നത് ഒരിക്കൽ കൂടി ചൂണ്ടിക്കാട്ടുന്നതാണ് ഈ നീക്കമെന്ന് ആക്സിസ് ബാങ്ക് ബാങ്കിങ് ഓപറേഷൻസ് ആൻറ് ട്രാൻസ്ഫോർമേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സുബ്രത് മൊഹന്തി പറഞ്ഞു.




# ഷീ ക്യാൻ; കാൻസർ ബോധവത്കരണ ക്യാമ്പയിനുമായി കോഴിക്കോട് ആസ്റ്റർ മിംസ്

**കോഴിക്കോട്:** അന്താരാഷ്ട്ര സ്തനാർബുദ ബോധവൽക്കരണ മാസത്തോടനുബന്ധിച്ച് കോഴിക്കോട് ആസ്റ്റർ മിംസ് സംഘടിപ്പിക്കുന്ന ഷീക്യാൻ കാൻസർ ബോധവൽക്കരണ ക്യാമ്പയിന് തുടക്കമായി. കൽപകഞ്ചേരി മൈൽസിൽ നടന്ന ചടങ്ങിൽ ഇ.ടി മുഹമ്മദ് ബഷീർ എം.പി ഉദ്ഘാടനം ചെയ്തു.

സ്ത്രീകളെ ബാധിക്കുന്ന കാൻസറുകളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനൊപ്പം നിർധനരായ സ്ത്രീകൾക്ക് സൗജന്യമായും, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് കുറഞ്ഞ നിരക്കിലും കാൻസർ പരിശോധനകൾ ചെയ്യാനുള്ള പദ്ധതികളാണ് ആസ്റ്റർ മിംസ് ഒരുക്കിയിട്ടുള്ളത്. ആസ്റ്റർ ഹോസ്പിറ്റൽസിന്റെ സി.എസ്.ആർ. വിഭാഗമായ ആസ്റ്റർ വോളന്റിയേഴ്സ്, ആസ്റ്റർ മിംസ് ചാരിറ്റബിൾ ട്രസ്റ്റ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

സ്ത്രീകളിലെ കാൻസർ സാധ്യതകളെ കുറിച്ച് അറിയുന്നതിനും പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കുന്നതിനും ആരംഭ ഘട്ടത്തിൽ തന്നെ സ്വയം പരിശോധനയിലൂടെ മനസ്സിലാക്കുന്നതിനും വൈദ്യസഹായം തേടുന്നതിനും പ്രാപ്തരാക്കുക എന്നതാണ് ക്യാമ്പയിന്റെ ലക്ഷ്യം. സമൂഹത്തിലെ എല്ലാ തുറകളിലും പെട്ട സ്ത്രീകളെ ബോധവൽക്കരിക്കേണ്ടതിന്റെ ആവശ്യം മനസ്സിലാക്കിയാണ് എന്ന ക്യാമ്പയിൻ വിഭാവനം ചെയ്തിരിക്കുന്നത്. ഇതോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം വിവിധ സന്നദ്ധ സംഘടനകൾ, സാമൂഹിക പ്രവർത്തകർ എന്നിവരുമായി ചേർന്ന് ക്യാമ്പുകൾ സംഘടിപ്പിക്കുമെന്നും അധികൃതർ വ്യക്തമാക്കി.

നേരത്തേ കണ്ടെത്തിയാൽ എളുപ്പത്തിൽ ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്ന രോഗമായി ഇന്ന് കാൻസർ മാറിയിട്ടുണ്ട്. അതേസമയം സ്ത്രീകളെ ഏറ്റവും കൂടുതലായി ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയ കാൻസർ എന്നിവ മൂലം ലക്ഷക്കണക്കിന് പേരാണ് ഓരോ മരണപ്പെടുന്നത്. അതി നൂതനമായ പരിശോധനാ മാർഗ്ഗങ്ങൾ ഉണ്ടായിട്ടും ആരംഭഘട്ടത്തിൽ രോഗ നിർണയം നടത്തി ചികിത്സ തേടാത്തതാണ് മരണ സംഖ്യ ഉയർത്തുന്നത്. മുൻകൂട്ടിയുള്ള പരിശോധനകളെക്കുറിച്ചും, ചികിത്സയെക്കുറിച്ചും കൃത്യമായ അവബോധമില്ലാത്തതാണ് ഇതിന് കാരണം എന്ന് ആസ്റ്റർ കാൻസർ സെന്റർ ഡയറക്ടർ ഡോ കെ വി ഗംഗാധരൻ പറഞ്ഞു

സ്തനാർബുദം, ഗർഭാശയ ക്യാൻസറുകൾ, മുഖത്തും വായിലും ഉണ്ടാകുന്ന കാൻസറുകൾ, സ്കിന്നുമായി ബന്ധപ്പെട്ട കാൻസറുകൾ തുടങ്ങിയവക്കുള്ള പരിശോധനകൾക്കും, പ്രതിരോധനടപടികൾക്കുമാണ് ഷീ ക്യാൻ മുൻഗണന നൽകുന്നതെന്നും ക്യാമ്പയിൻ സമൂഹത്തിലുണ്ടാക്കുന്ന കൃത്യമായ ഇടപെടലുകളിലൂടെ അനേകായിരം ജീവനുകൾ രക്ഷിക്കാൻ കഴിയുമെന്നും ആസ്റ്റർ മിംസ് ഡയറക്ടർ എൻജിനീയർ അഹമ്മദ് മൂപ്പൻ പറഞ്ഞു

സ്ഥിരമായി മാമ്മോഗ്രാം പരിശോധന നടത്തേണ്ടതിന്റെ പ്രാധാന്യം എല്ലാ സ്ത്രീകളും മനസ്സിലാക്കണമെന്ന് . മിക്ക സ്ത്രീകളും സ്വയം പരിശോധന നടത്താൻ പോലും തയാറാകുന്നില്ലെന്നും അടുത്തിടെ നടന്ന പഠനങ്ങളിൽ നിന്ന് വ്യക്തമാകുന്നത് സ്തനാർബുദ ലക്ഷണങ്ങൾ ഉണ്ടായിട്ട് പോലും രണ്ടിലൊന്ന് സ്ത്രീകൾ മാത്രമേ സ്വയം പരിശോധന നടത്തുന്നുള്ളു എന്നാണെന്നും സർജിക്കൽ ഓങ്കോളജി വിഭാഗം തലവൻ വി.പി. സലീം പറഞ്ഞു. കാൻസർ ബോധവത്കരണത്തിന്റെ ആവശ്യകത മുന്നിൽ കണ്ട് നിരവധി പാവപ്പെട്ട സ്ത്രീകൾക്ക് സഹായകരമാകുന്ന പദ്ധതി നടപ്പാക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്ന് ആസ്റ്റർ മിംസ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ലുക്മാൻ പൊൻമാടത്ത് കൂട്ടിച്ചേർത്തു.

ചടങ്ങിൽ ആസ്റ്റർ മിംസ് ഡയറക്ടർ എൻജിനീയർ അഹമ്മദ് മൂപ്പൻ അധ്യക്ഷത വഹിച്ചു. ഒബ്സ്റ്റെട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ആമിന ബീവി, ആസ്റ്റർ വോളണ്ടിയേഴ്സ് മലബാർ ലീഡ് മുഹമ്മദ് ഹസീം, മൈൽസ് അഡ്മിനിസ്ട്രേറ്റർ ഹസ്കർ അലി തുടങ്ങിയവർ സംസാരിച്ചു.

# മൂല്യവർധിത ഉൽപന്നങ്ങൾക്ക് വൻ സാധ്യത: മുഖ്യമന്ത്രി

**തൊടുപുഴ** സംസ്ഥാനത്തെ ചെറുകിടഇടത്തരം സംരംഭങ്ങളുടെ മൂല്യവർധിത ഉൽപന്നങ്ങൾക്ക് ആഗോളവിപണിയിൽ മത്സരശേഷി വളർത്തുകയും വിജയം കൈവരിക്കുകയും ചെയ്യാൻ വ്യവസായ പാർക്കുകൾ സഹായിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിന്റെ കീഴിലെ ആദ്യത്തെ സ്പൈസസ് പാർക്ക് തൊടുപുഴ മുട്ടത്തിനു സമീപം തുടങ്ങനാട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

മൂല്യവർധിത ഉൽപന്നങ്ങളാണ് ഇനിയുള്ള കാലത്തിന്റെ സാധ്യതയെന്നു മുഖ്യമന്ത്രി പറഞ്ഞു. ഈ സാഹചര്യത്തിലാണ് വ്യവസായ പാർക്കുകളുടെ പ്രാധാന്യം വരുന്നത്. കേവലം പ്രാദേശിക വിപണിയെ മാത്രം ലക്ഷ്യമിടാതെ ആഗോള വിപണിയെ ആകർഷിക്കുന്ന വിപണന തന്ത്രങ്ങളും ഗുണമേന്മയും സംരംഭകർ സ്വായത്തമാക്കണം. ഉൽപന്നങ്ങൾക്കു വിശ്വാസ്യത ഉറപ്പുവരുത്താൻ ശ്രദ്ധിക്കണം.

കിൻഫ്ര സ്പൈസസ് പാർക്കിന്റെ രണ്ടാം ഘട്ടം 9 മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച വ്യവസായമന്ത്രി പി.രാജീവ് പറഞ്ഞു.

# പുതിയ ചിത്രം രണ്ടാം മുഖത്തിലെ ഗാനം ശ്രദ്ധേയമാകുന്നു




**കൊച്ചി:** റിലീസിന് ഒരുങ്ങുന്ന രണ്ടാം മുഖം ത്തിൽ പ്രമുഖ പിന്നണി ഗായകൻ പി. കെ.സുനിൽകുമാർ ആലപിച്ച മാമലമേലെ ഒരു കൈലേസു പോലെ എന്ന ഗാനമാണ് ഇപ്പോൾ സമൂഹമാധ്യമങ്ങളിൽ തരംഗമാകുന്നത്. പ്രശസ്ത ഗാനരചയിതാവ് ബാപ്പു വാവാടിന്റെ വരികൾക്ക് രാജേഷ് ബാബു കെ ഈണം നൽകിയ ഈ ഗാനം സുനിൽകുമാറിനൊപ്പം ആലുപിച്ചിരിക്കുന്നത് അജ്മൽ ബഷീറാണ്.

ചിത്രത്തിലേതായി ഇതിന് മുമ്പ് ഇറങ്ങിയ ഗാനങ്ങൾ എല്ലാം തന്നെ പ്രേക്ഷക ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു

യു കമ്പനിയുടെയും കണ്ടാ ഫിലിംസിൻറെയും ബാനറിൽ കെ.ടി രാജീവും കെ. ശ്രീവർമ്മയും നിർമ്മിക്കുന്ന ചിത്രമാണ് രണ്ടാംമുഖം. കൃഷ്ണജിത്ത് എസ്. വിജയനാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. മണികണ്ഠൻ ആചാരിയുടെ ഏറെ അഭിനയസാധ്യതയുള്ള ചിത്രമാണിത്. മറീന മൈക്കിളും അഞ്ജലി നായരുമാണ് ചിത്രത്തിലെ മറ്റ് രണ്ട് കേന്ദ്ര കഥാപാത്രങ്ങളെയും അവതരിപ്പിക്കുന്നത്.

സാമൂഹ്യപ്രസക്തിയുള്ള പ്രമേയമാണ് ചിത്രം ചർച്ച ചെയ്യുന്നത്. കെ. ശ്രീവർമ്മയാണ് രണ്ടാം മുഖത്തിന് രചന നിർവഹിക്കുന്നത്.

അഭിനേതാക്കൾ: മണികണ്ഠൻ ആചാരി, മറീന മൈക്കിൾ, അഞ്ജലി നായർ, കഷ്ണജിത്ത് എസ്. വിയജൻ, ബിറ്റോ ഡേവിസ്, നന്ദൻ ഉണ്ണി, റിയാസ് എം.ടി, വിനോദ് തോമസ്, കോട്ടയം സോമരാജ്, പരസ്പരം പ്രദീപ്, സൂഫി സുധീർ,അജയൻ മാടക്കൽ,കെ.ടി രാജീവ്, അമൃത് രാജീവ്, ജിജ സുരേന്ദ്രൻ, രേവതി ശാരിയേക്കൽ തുടങ്ങി ഒട്ടേറെ നടീനടന്മാർ വേഷമിടുന്നു.

കഥ തിരക്കഥ സംഭാഷണം: കെ. ശ്രീവർമ്മ. ക്യാമറ: അജയ് പി. പോൾ, ഹുസൈൻ അബ്ദുൽ ഷുക്കൂർ, സംഗീതം: രാജേഷ് ബാബു കെ. ശൂരനാട്, ഗാനരചന: ബാപ്പു വാവാട്, നിഷാന്ത് കോടമന, ഡോ. പി.എൻ രാജേഷ് കുമാർ, എഡിറ്റിംഗ്: ഹരി മോഹൻദാസ്, പി.ആർ.ഒ പി.ആർ.സുമേരൻ. പ്രൊഡക്ഷൻ കൺട്രോളർ: വിനോദ് പറവൂർ.



# ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ പുനർനിർമാണം: രൂപരേഖയായി

**ചെങ്ങന്നൂർ** : റെയിൽവേ സ്റ്റേഷൻ ലോകനിലവാരത്തിൽ പുനർനിർമിക്കുന്നതിനു രൂപരേഖയായി. 250 കോടി രൂപ ചെലവഴിച്ചുള്ള നിർമാണമാണു ലക്ഷ്യമിടുന്നതെങ്കിലും 300 കോടിയെങ്കിലും വേണ്ടിവരുമെന്നാണ് കണക്കുകൂട്ടലെന്നു കൊടിക്കുന്നിൽ സുരേഷ് എംപി പറഞ്ഞു. പരമ്പരാഗത കേരളീയ വാസ്തു മാതൃകയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയതായും പുതിയ സ്റ്റേഷൻ കെട്ടിടം. 36 മീറ്റർ വീതിയിൽ പുതിയ ഫുട് ഓവർ ബ്രിജുകൾ നിർമിക്കും. ആകാശപാതയും (സ്കൈവാക്ക് കണക്ടിവിറ്റി ) വിഭാവനം ചെയ്യുന്നു. ശബരിമല തീർഥാടകർക്കായി നാലുനിലകളിൽ പിൽഗ്രിം സെന്റർ നിർമിക്കും.

മൾട്ടി ലെവൽ കാർ പാർക്കിങ് സൗകര്യവും ഒരുക്കും. റെയിൽവേ ഓഫിസ് കെട്ടിടം നിർമിക്കും. സ്റ്റാഫ് ക്വാർട്ടേഴ്സുകൾ പുനർനിർമിക്കും. സ്റ്റേഷന്റെ ചുറ്റുവട്ടത്തും വികസന പ്രവർത്തനങ്ങളുണ്ടാകും. ഫെബ്രുവരിയോടെ നിർമാണം തുടങ്ങാനാണു ശ്രമം.




കേരള ആർത്രൈറ്റിസ് ആന്റ് റുമാറ്റിസം സൊസൈറ്റിയും, ഡോക്ടർ ഷേണായീസ് കെയറും ചേർന്ന് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ലോക വാതരോഗദിനാചരണം റിട്ട.ചീഫ് ജസ്റ്റിസും സുപ്രിം കോടതി മുൻ ജഡ്ജുമായ ജസ്റ്റിസ് കെ.എസ് രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ.സഞ്ജന ജോസഫ്, ഡോ.പത്മനാഭ ഷേണായ്, ഡോ.ബ്രിഗേഡിയർ കെ.നാരായണൻ, ഡോ.കേണൽ വിശാൽ മർവ്വ, ഡോ. അനുരൂപാ വിജയൻ തുടങ്ങിയവർ സമീപം




കേരള ആർത്രൈറ്റിസ് ആന്റ് റുമാറ്റിസം സൊസൈറ്റിയും, ഡോക്ടർ ഷേണായീസ് കെയറും ചേർന്ന് ലോകവാതരോഗദിനാചരണത്തോടനുബന്ധിച്ച് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച വാക്കത്തോൺ ഡോ.ബ്രിഗേഡിയർ കെ.നാരായണൻ ഫ് ളാഗ് ഓഫ് ചെയ്യുന്നു. ഡോ.സഞ്ജന ജോസഫ്, ഡോ.പത്മനാഭ ഷേണായ് തുടങ്ങിയവർ മുൻ നിരയിൽ

## ലോക വാതരോഗ ദിനാചരണം നടത്തി

# രോഗിയുടെ ഏറ്റവും വലിയ ഡോക്ടർ സ്വന്തം മനസ്: ജസ്റ്റിസ് കെ.എസ് രാധാകൃഷ്ണൻ

**കൊച്ചി:** മനസാണ് ഒരു രോഗിയുടെ ഏറ്റവും വലിയ ഡോക്ടറെന്നും മനസുവെച്ചാൽ 75 ശതമാനം രോഗവും സ്വയം സുഖപ്പെടുത്താൻ സാധിക്കുമെന്നും റിട്ട.ചീഫ് ജസ്റ്റിസും സുപ്രിം കോടതി മുൻ ജഡ്ജുമായ ജസ്റ്റിസ് കെ.എസ് രാധാകൃഷ്ണൻ. കേരള ആർത്രൈറ്റിസ് ആന്റ് റുമാറ്റിസം സൊസൈറ്റിയും, ഡോക്ടർ ഷേണായീസ് കെയറും ചേർന്ന് സംഘടിപ്പിച്ച ലോകവാതരോഗ ദിനാചരണം കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രോഗ സൗഖ്യത്തിന് മരുന്നിനൊപ്പം ആരോഗ്യമുള്ള മനസും പ്രാധാന്യമുള്ളതാണ്. തന്റെ ജീവിതത്തിൽ നിന്നും തനിക്ക് ബോധ്യമായ കാര്യമാണിത്. തനിക്ക് വാതരോഗമുണ്ടെന്ന് പറഞ്ഞ് വീട്ടിൽ കുത്തിയിരുന്ന ജീവിതം കളയുകയല്ല ഒരു രോഗി ചെയ്യേണ്ടത്. പറ്റുന്ന രീതിയിൽ എല്ലാം ചെയ്യണം. അങ്ങനെ മനസിനെ ബലപ്പെടുത്തി രോഗത്തെ ചെറുത്ത് തോൽപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. തുടക്ക ഘട്ടത്തിൽ തന്നെ രോഗം കണ്ടെത്തി ശരിയായ രീതിയിൽ ചികിൽസ ചെയ്താൽ ഗൗരമായ വാതരോഗത്തെപ്പോലും അതിജീവിക്കാൻ കഴിയുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഷേണായീസ് കെയർ മെഡിക്കൽ ഡയറക്ടറും റുമറ്റോളജിസ്റ്റുമായ ഡോ.പത്മനാഭ ഷേണായ് പറഞ്ഞു. കേരളത്തിൽ 10 ലക്ഷത്തിലധികം പേർക്ക് റുമറ്ററോയിഡ് ആർത്രൈറ്റിസ് പോലുള്ള ഗൗരവതരമായ വാതരോഗം ഉണ്ടെന്നാണ്. പഠനം ചൂണ്ടിക്കാണിക്കുന്നത്. പണ്ടത്തേതിൽ നിന്നും വ്യത്യസ്തമായി ഇന്ന് ഇതിനെല്ലാം കൃത്യമായ ചികിൽസയും മരുന്നുമുണ്ടെന്നും അതു വേണ്ട വിധം ഉപയോഗിച്ചാൽ ജീവിതം സുഖകരമാകുമെന്നും അദ്ദേഹം പറഞ്ഞു.

വാതരോഗികൾക്ക് സർക്കാരിൽ നിന്നും വേണ്ടത്ര പിന്തുണ ലഭിക്കുന്നില്ല. ഇത്തരം രോഗം ബാധിച്ചവരുടെ കൂട്ടായ്മ ഉണ്ടായാൽ മാത്രമെ സർക്കാരിന്റെ അടക്കം പിന്തുണ ലഭിക്കുകയുള്ളുവെന്നും ഡോ.പത്മനാഭ ഷേണായ് പറഞ്ഞു. റുമറ്ററോയിഡ് ആർത്രൈറ്റിസ് രോഗത്തെ തോൽപ്പിച്ച് എവറസ്റ്റിന്റെ ആദ്യ ബേസ് ക്യംപ് കീഴടക്കിയ എറണാകുളം സ്വദേശി ഹെലൻ മോനായിയെ ചടങ്ങിൽ ഉപഹാരം നൽകി ആദരിച്ചു. ഡോ.കേണൽ വിശാൽ മർവ്വ മുഖ്യപ്രഭാഷണം നടത്തി. ഡോ.ബ്രിഗേഡിയർ കെ.നാരായണൻ, ഡോ. അനുരൂപാ വിജയൻ, ഡോ.സഞ്ജന ജോസഫ്, ഡോ.ലിബിൻ ബെന്നി തുടങ്ങിയവർ സംസാരിച്ചു.വാതരോഗദിനാചരണത്തോടനുബന്ധിച്ച് നടത്തിയ വാക്കത്തോൺ ഡോ.ബ്രിഗേഡിയർ കെ.നാരായണൻ ഫ്ളാഗ് ഓഫ് ചെയ്തു. ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും നേതൃത്വത്തിൽ വാതരോഗ ബോധവൽക്കരണ സ്കിറ്റും ഉണ്ടായിരുന്നു.

### ഇന്നത്തെ പരിപാടി

പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രം:(15.10.2023) നവരാത്രിമഹോൽസവത്തോടനുബന്ധിച്ച് ഗണപതിഹോമം പുലർച്ചെ 5 ന്, ദേവീഭാഗവത പാരായണം രാവിലെ 7 ന്, കളം വരയ്ക്കൽ വൈകുന്നേരം 5 ന്, പ്രഭാഷണം രാത്രി 7 ന്

### കേരള സാഹിത്യ അക്കാദമി വാർഷികാഘോഷം ഇന്ന്

**തൃശ്ശൂർ:** കേരള സാഹിത്യ അക്കാദമിയുടെ 67ാം വാർഷികാഘോഷം ഇന്ന് വൈകീട്ട് 4 ന് അക്കാദമി ഓഡിറ്റോറിയത്തിൽ നിയമ, വ്യവസായ, കയർ വികസന വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം നിർവഹിക്കും. ചടങ്ങിൽ പി ബാലചന്ദ്രൻ അധ്യക്ഷത വഹിക്കും.

# ഗിഫ്റ്റഡ് ചിൽഡ്രൺ പ്രോഗ്രാം; പുതിയ എട്ടാം ക്ലാസ് ബാച്ച് ആരംഭിച്ചു

**തൃശ്ശൂർ:** പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന ഗിഫ്റ്റഡ് ചിൽഡ്രൺ പ്രോഗ്രാം 2023 24 പുതിയ എട്ടാം ക്ലാസ് ബാച്ച് ആരംഭിച്ചു. എട്ടാം ക്ലാസ് പുതിയ ബാച്ചിന്റെ പ്രവർത്തനോദ്ഘാടനം ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജ നിർവഹിച്ചു. ചെമ്പുക്കാവ് ഹോളി ഫാമിലി സി ജി എച്ച് സ്കൂളിൽ നടന്ന ചടങ്ങിൽ ഡിവിഷൻ കൗൺസിലർ റെജി ജോയ് അധ്യക്ഷയായി. ജില്ലയിൽ യു എസ് എസ് സ്കോളർഷിപ്പ് പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്കായി സംഘടിപ്പിക്കുന്ന ക്ലാസാണ് ഗിഫ്റ്റഡ് ചിൽഡ്രൺ പ്രോഗ്രാം. എട്ടാം ക്ലാസുകാരുടെ പുതിയ ബാച്ചിൽ 40 പേരാണ് ഉള്ളത്. നിലവിൽ ഒമ്പത്, പത്ത് ക്ലാസുകാരുടെ ബാച്ചിന്റെ ക്ലാസും നടക്കുന്നു. ചെമ്പുക്കാവ് ഹോളി ഫാമിലി സി.ജി.എച്ച് സ്കൂളിലാണ് ക്ലാസുകൾ നടക്കുന്നത്.



വിദ്യാർത്ഥികളുടെ പ്രതിഭ പരിപോഷിപ്പിക്കാനായി കല, സാഹിത്യം, കരിയർ ഗൈഡൻസ്, പഠന യാത്രകൾ തുടങ്ങി വിവിധ മേഖലകളിലായി ഒരു വർഷത്തോളമാണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്.

ചടങ്ങിൽ ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജ വിദ്യാർത്ഥികളുമായി സംവദിച്ചു. കോർഡിനേറ്റർ കെ സിന്ധു ഗിഫ്റ്റഡ് ചിൽഡ്രൺ പദ്ധതി വിശദീകരിച്ചു. തൃശ്ശൂർ ഡി.ഇ.ഒ ഡോ. എ അൻസാർ, ഹോളി ഫാമിലി ഹെഡ് മിസ്ട്രസ്സ് സിസ്റ്റർ ഗ്ലോറി, പിടിഎ പ്രതിനിധികളായ സിമി ലാൽ, ജെസ്മി, ഗിഫ്റ്റഡ് ചൈൽഡ് പാർവ്വതി രഞ്ജിത്ത്, മറ്റ് അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

### വ്യവസായ സമുച്ചയം രണ്ടാം ഘട്ടം ഉദ്ഘാടനം ഇന്ന്

**തൃശ്ശൂർ:**പുഴയ്ക്കൽപ്പാടം വ്യവസായ സമുച്ചയത്തിന്റെ രണ്ടാം ഘട്ടം ഉദ്ഘാടനം ഇന്ന് രാവിലെ 10 മണിക്ക് വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി രാജീവ് നിർവഹിക്കും. വ്യവസായ സമുച്ചയത്തിൽ നടക്കുന്ന ചടങ്ങിൽ പി ബാലചന്ദ്രൻ എംഎൽഎ അധ്യക്ഷനാകും. മേയർ എം കെ വർഗീസ് മുഖ്യാതിഥിയും ടി എൻ പ്രതാപൻ എം പി വിശിഷ്ടാതിഥിയുമാകും.

ഉയരത്തിൽ വികസിക്കുക എന്ന ആശയത്തെ അടിസ്ഥാനപ്പെടുത്തി നിക്ഷേപകർക്ക് എല്ലാ അടിസ്ഥാന സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുള്ള സ്ഥലം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് പുഴയ്ക്കൽ പാടത്ത് ബഹുനില വ്യവസായ സമുച്ചയ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

11.41 ഏക്കർ സ്ഥലത്ത് അഞ്ചു ഘട്ടങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 1,29,000 ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് ബഹുനില വ്യവസായ സമുച്ചയം നിർമ്മിച്ചിരിക്കുന്നത്.വ്യവസായ വാണിജ്യ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതിയുടെ അടങ്കൽ തുക 23.33 കോടി രൂപയാണ്.



കലൂർ പാവക്കുളം ക്ഷേത്രത്തിലെ നവരാത്രി മഹോത്സവത്തിന്റെ ഭാഗമായി ക്ഷേത്രാങ്കണത്തിൽ നടന്ന സാംസ്കാരിക സമ്മേളനം സംവിധായകൻ വിനയൻ ഉദ്ഘാടനം ചെയ്യുന്നു. വിനോദ് കാരോളിൽ, ഒ.ഉണ്ണികൃഷ്ണ മേനോൻ, ഡോ.കെ.എസ്.രാധാകൃഷ്ണൻ, അഭിനു സുരേഷ്, ഡോ.പത്മകുമാർ, കെ.വി.എസ്.ഹരിദാസ്, കെ.പി.മാധൻകുട്ടി തുടങ്ങിയവർ സമീപം.

# പാവക്കുളം ശ്രീ മഹാദേവക്ഷേത്രത്തിൽ 2023ലെ നവരാത്രി മഹോത്സവത്തിന് തുടക്കമായി

**കൊച്ചി:** പാവക്കുളം ശ്രീ മഹാദേവക്ഷേത്രത്തിലെ നവരാത്രി മഹോത്സവത്തിന് തുടക്കമായി. ക്ഷേത്രം തന്ത്രി പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെയും ക്ഷേത്രം മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയുടെയും ആചാര്യൻമാരുടെയും കാർമ്മികത്വത്തിൽ പൂജാധികർമ്മങ്ങളോടെയാണ് നവരാത്രി മഹോത്സവത്തിന് തുടക്കം കുറിച്ചത്. നവരാത്രി മഹോത്സവത്തോടനുബന്ധിച്ച് ക്ഷേത്ര ക്ഷേമ സമിതി പ്രസിഡന്റ് സി.എ.പങ്കജാക്ഷന്റെ അദ്ധ്യക്ഷതയിൽ നടന്ന സാംസ്കാരിക സമ്മേളനം സിനിമാ സംവിധായകൻ വിനയൻ ഉദ്ഘാടനം ചെയ്തു.

മുഖ്യ പ്രഭാഷണം ബി.ജെ.പി.സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. കെ.എസ്.രാധാകൃഷ്ണൻ നടത്തി. ക്ഷേത്രം ഊരാളൻ കെ.വി.എസ് ഹരിദാസ്, വി.എച്ച്.പി. സംസ്ഥാന ജോയിന്റ് സെക്രട്ടറി അഭിനു സുരേഷ്, ഡോ.പത്മകുമാർ, വി.എച്ച്.പി ജില്ലാ വൈസ് പ്രസിഡന്റ് ഡോ. സിന്ധു രവി, ക്ഷേത്ര ക്ഷേമ സമിതി വൈസ് പ്രസിഡന്റ് കെ.പി. മാധവൻകുട്ടി, സെക്രട്ടറി വിനോദ് കാരോളിൽ, ജോയിന്റ് സെക്രട്ടറി ഒ.ഉണ്ണികൃഷ്ണ മേനോൻ തുടങ്ങിയവർ പ്രസംഗിച്ചു. നവരാത്രി മഹോത്സവത്തോടനുബന്ധിച്ച് ക്ഷേത്ര സമിതി കുട്ടികൾക്കായി നടത്തിയ ചിത്ര രചന മത്സര വിജയികൾക്കുള്ള സമ്മാനദാനം വിനയൻ നിർവ്വഹിച്ചു.

പ്രശസ്ത ധൂളി ചിത്രകാരൻ പുരളിപ്പുറം നാരായണൻ 9 ദിവസങ്ങളിലായി ഒരുക്കുന്ന നവദുർഗ്ഗ പത്മങ്ങളിൽ ആദ്യ ദിനത്തിലെ ശൈലീപുത്രീ ഭാവരൂപേണയുള്ള കളംവരയ്ക്കലും നടത്തി.

രാണ്ടാം ദിനമായ ഇന്ന് രാവിലെ 5ന് ഗണവതി ഹോമം. തുടർന്ന് ദേവീഭാഗവത പരായണം. വൈകിട്ട് 5ന് ബ്രഹ്മചാരിണി ഭാവം കളംവരയ്ക്കൽ, ശബരിമല മുൻ മേൽശാന്തി ബ്രഹ്മശ്രീ ഇടമന ബാലമുരളിയുടെ കാർമ്മികത്വത്തിൽ വിശേഷാൽ പൂജ, പ്രഭാഷണം, തുടർന്ന് വൈകിട്ട് 8ന് അഷ്ടപതി ഗീതങ്ങൾ.

# സി ബിഎസ് ഇ സഹോദയ ജില്ലാ കലോത്സവം കൊടിയിറങ്ങി



**കടയിരുപ്പ്:** സി ബി എസ് ഇ കൊച്ചി സഹോദയ ജില്ലാ കലോത്സവത്തിന് സമാപനമായി.ഒക്ടോബർ 7 ന് തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂളിൽ വച്ച് നടത്തിയ സ്റ്റേജിതര മത്സരങ്ങളിലും ഒക്ടോബർ 12,13,14 തീയതികളിലായി കടയിരുപ്പ് സെന്റ് പീറ്റേഴ്സ് സീനിയർ സെക്കന്ററി സ്കൂളിൽ വച്ച് നടന്ന സ്റ്റേജിന മത്സരങ്ങളിലുമായി 58 സ്കൂളുകളിൽ നിന്ന് നാലായിരത്തിലധികം കലാപ്രതിഭകൾ പങ്കെടുത്തു. തത്ത്വ സെന്റർ ഓഫ് ലേണിങ് മാനേജിങ് ഡയറക്ടർ ശ്രീമതി മായാമോഹൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

കലോത്സവത്തിൽ കാറ്റഗറി ഒന്നിൽ രാജഗിരി ക്രിസ്തു ജയന്തി പബ്ലിക് സ്കൂൾ ഒന്നാം സ്ഥാനം നേടി. ഭവൻസ് മുൻഷി വിദ്യാശ്രം തിരുവാങ്കുളവും, സെന്റ് പീറ്റേഴ്സ് സീനിയർ സെക്കന്റി സ്കൂൾ കടയിരുപ്പും രണ്ടാം സ്ഥാനത്തിന് അർഹരായി.കാറ്റഗറി രണ്ടിൽ ഭവൻസ് മുൻഷി വിദ്യാശ്രം തിരുവാങ്കുളം ഒന്നാം സ്ഥാനം കരസ്ഥമാക്കിയപ്പോൾ ഭവൻസ് ആദർശ വിദ്യാലയ കാക്കനാട് രണ്ടാം സ്ഥാനത്തെത്തി. കാറ്റഗറി മൂന്നിൽ ഭവൻസ് ആദർശ വിദ്യാലയ കാക്കനാട് ഒന്നാം സ്ഥാനം നേടിയപ്പോൾ ഭവൻസ് ന്യൂസ് പ്രിൻറ് വിദ്യാലയ വെള്ളൂർ രണ്ടാം സ്ഥാനത്തിന് അർഹരായി.

കാറ്റഗറി നാലിൽ ഭവൻസ് ആദർശ വിദ്യാലയ കാക്കനാട് മുന്നിലെത്തിയപ്പോൾ സെന്റ് പീറ്റേഴ്സ് സീനിയർ സെക്കന്ററി സ്കൂൾ രണ്ടാം സ്ഥാനം നേടി.കലോത്സവത്തിന്റെ ഓവറോൾ കിരീടം ഭവൻസ് ആദർശ വിദ്യാലയ കാക്കനാട് സ്വന്തമാക്കി.

ആതിഥേയരായ കടയിരുപ്പ് സെന്റ് പീറ്റേഴ്സ് സീനിയർ സെക്കന്ററി സ്കൂൾ രണ്ടാം സ്ഥാനവും, ഭവൻസ് മുൻഷി വിദ്യാശ്രം തിരുവാങ്കുളം മൂന്നാം സ്ഥാനവും നേടി.കൊച്ചി സഹോദയ പ്രസിഡന്റ് അരവിന്ദ് ലക്ഷ്മൺ, വൈസ് പ്രസിഡന്റ് കെ. സുരേഷ്. സെക്രട്ടറി ജി.ജി. രാജലക്ഷ്മി, ജോ. സെക്രട്ടറി ശ്രീകല കരുണാകരൻ, ട്രഷറർ ശ്രീമതി സോണിയ സൂസൻ വർക്കി കലോത്സവ കോഡിനേറ്റർ ചിക്കു ശിവൻഎന്നിവർ പ്രസംഗിച്ചു.



# കളമശേരി ബസ് ടെർമിനൽ ഇലക്ട്രിക് ബസ് ഹബാകും

**കളമശേരി:** ഗവ.മെഡിക്കൽ കോളജിനു സമീപമുള്ള നഗരസഭയുടെ ബസ് ടെർമിനൽ ഇലക്ട്രിക്കൽ ബസ് ഹബ് ആക്കുമെന്നു മന്ത്രി പി.രാജീവ് അറിയിച്ചു. കെഎസ്ആർടിസിയുടെ 15 ഇലക്ട്രിക് ബസുകൾ കളമശേരി നഗരസഭയിൽ സർക്കുലർ സർവീസ് നടത്തും. ബസുകളുടെ സർവീസ് നവംബറിൽ ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ തുടങ്ങി. തിരുവനന്തപുരത്ത് കഴി!ഞ്ഞ ദിവസം മന്ത്രിമാരും ജില്ലാ ആസൂത്രണ സമിതി അംഗം ജമാൽ മണക്കാടനും നടത്തിയ ചർച്ചയിലാണു ഇക്കാര്യത്തിൽ തീരുമാനമായത്.

കെഎസ്ആർടിസി ഇലക്ട്രിക് ബസ് ഹബ് ആരംഭിക്കുന്നതിനു മുന്നോടിയായി കളമശേരി നഗരസഭയുടെ ബസ് ടെർമിനലിൽ വരുത്തേണ്ട മാറ്റങ്ങൾ മന്ത്രി പി.രാജീവ് കെഎസ്ഇബി, കെഎസ്ആർടിസി ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നു.

കെഎസ്ആർടിസി ഇലക്ട്രിക് ബസ് ഹബ് ആരംഭിക്കുന്നതിനു മുന്നോടിയായി കളമശേരി നഗരസഭയുടെ ബസ് ടെർമിനലിൽ വരുത്തേണ്ട മാറ്റങ്ങൾ മന്ത്രി പി.രാജീവ് കെഎസ്ഇബി, കെഎസ്ആർടിസി ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ മന്ത്രി പി.രാജീവ്, ജമാൽ മണക്കാടൻ, കെഎസ്ആർടിസി സോണൽ മാനേജർ കെ.ടി.സെബി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ സിബി എം.സിറിൾ, അസിസ്റ്റന്റ് എൻജിനീയർ ടോബി ജോസഫ്, ഇൻസ്പെക്ടർമാർ, കെഎസ്ഇബി ഡപ്യൂട്ടി ചീഫ് എൻജിനീയർ പി.എ.ആശ, നഗരസഭാ ഉദ്യോഗസ്ഥർ, കൗൺസിലർമാർ എന്നിവർ നഗരസഭ മെഡിക്കൽ കോളജിനു സമീപം നിർമിച്ചിട്ടുള്ള ബസ് ടെർമിനലിലെ സൗകര്യങ്ങൾ വിലയിരുത്തി.

ബസ് സർവീസ് തുടങ്ങുന്നതിന് ആവശ്യമായ ചാർജിങ് സ്റ്റേഷൻ, ഗാരിജ്, വർക്ഷോപ്, ഓഫിസ് എന്നിവയ്ക്കാവശ്യമായ സൗകര്യങ്ങൾ നഗരസഭ തയാറാക്കി നൽകും. ഒരു കോടി രൂപ വീതം വിലയുള്ളവയാണ് ബസുകൾ. നഗരസഭയിൽ മെഡിക്കൽ കോളജ് കേന്ദ്രീകരിച്ചു മൂന്നോ നാലോ റൂട്ടിൽ സർക്കുലർ സർവീസ് നടത്തുമെന്നു മന്ത്രി പി.രാജീവ് പറഞ്ഞു. തിരുവനന്തപുരം കോർപറേഷനിൽ നടപ്പിലാക്കിയ ടിക്കറ്റ് നിരക്കിന് ഇവിടെയും മാറ്റമുണ്ടാവില്ല. 10 രൂപയാണു ടിക്കറ്റ് നിരക്ക്. ഒരു ദിവസം മുഴുവൻ സഞ്ചരിക്കാൻ 50 രൂപയാണ് നിരക്ക്.

# ദ്വിദിന സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു

**ഇരിങ്ങാലക്കുട:** മോഡൽ ബോയ്സ് സ്കൂളിൽ സ്കൂൾ സോഷ്യൽ സർവീസ് സ്കീമിന്റെ ദ്വിദിന സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു. മാടായിക്കോണം ചാത്തൻ മാസ്റ്റർ സ്മാരക ഗവ. യുപി സ്കൂളിലാണ് ക്യാമ്പ് നടന്ന ത്തിയത്.



ഇരിങ്ങാലക്കുട നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. ജിഷ ജോബി ക്യാമ്പ് ഉദ്ഘാടനം ചെയ്തു.'സേവനം സഹജീവനം' എന്ന ആപ്തവാക്യത്തിലൂന്നി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിലെ എസ്ഐ സുധാകരൻ ലഹരി ബോധവൽക്കരണ ക്ലാസ് നടത്തി.

വി എച്ച് ദിരാർ അവതരിപ്പിച്ച വ്യക്തിത്വ വികസന ക്ലാസ്, ആരോഗ്യ പരിപാലനത്തെപ്പറ്റി ഹെൽത്ത് ഇൻസ്പെക്ടർ സ്റ്റാൻലിയുടെ ക്ലാസ്, അതിരാവിലെയുള്ള യോഗ തുടങ്ങിയവ കുട്ടികൾക്ക് പുതുമയുള്ളതായി.

കായികധ്യാപകൻ ലാലുമാഷിന്റെ നേതൃത്വത്തിൽ നടന്ന 'കളിയും കാര്യവും' കായിക വിദ്യാഭ്യാസത്തിന്റെ വേറിട്ട അനുഭവമായി. ലഹരി മുക്ത ജീവിതം എന്നവിഷയത്തിൽ കുട്ടികൾ തത്സമയം തയ്യാറാക്കി അവതരിപ്പിച്ച സ്കിറ്റ്, ഇൻസ്റ്റലേഷൻ, കലാപരിപാടികൾ എന്നിവ ശ്രദ്ധേയമായി. അധ്യാപകഅനധ്യാപക രക്ഷകർതൃ സഹകരണത്തോടെയാണ് ക്യാമ്പ് നടത്തിയത്.

# വീട്ടുമുറ്റത്ത് താറാവ് വളർത്തി മികച്ച ആദായം ഉണ്ടാക്കാം

ഹരിതം



കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽ കൂട്ടത്തോടെ എത്തുന്ന താറാവുകളെയാണ് നാം അധികവും കാണാറുള്ളത്. എന്നാൽ, മുട്ടയ്ക്കും ഇറച്ചിക്കും വേണ്ടി താറാവുകളെ വീട്ടുമുറ്റത്ത് വളർത്തി മികച്ച ആദായം ഉണ്ടാക്കാം. രാജ്യത്തെ വളർത്തു പക്ഷികളിൽ രണ്ടാം സ്ഥാനത്താണു താറാവ്.

പെക്കിൻ, എയ്ൽസ്ബറി, കാക്കി കാംബെൽ, സാക്സണി, സിൽവർ ആപ്പിൾയാർഡ്, സ്വീഡിഷ് ബ്ലൂ, ബഫ് ഓർപിംഗ്ടൺ, സ്വീഡിഷ് മഞ്ഞ, വിഗോവ, മസ്കോവി തുടങ്ങിയവയാണ് ഈ ഇനത്തിൽപ്പെട്ടത്. പ്രായപൂർത്തിയായാൽ 3.5 4.5 കിലോ വരെ തൂക്കമുണ്ടാകും.

പെക്കിൻ, കാക്കി കാംപ്ബെൽ, ഇന്ത്യൻ റണ്ണർ, ബഫ് ഓർപിംഗ്ടൺ, മാഗ്പി, റൂവൻ, ഹുക്ക് ബിൽ, ഷെറ്റ്ലാൻഡ്, അങ്കോണ തുടങ്ങിയവ ഉയർന്ന മുട്ട ഉത്പാദനത്തിന് പേരുകേട്ടവയാണ്. വർഷത്തിൽ 250 300 മുട്ടകൾ വരെ ഇടും.

കാക്കി കാംബെൽ, ഇന്ത്യൻ റണ്ണർ, റൂയൽ കഗ്വ എന്നിവയാണ് ഇതിന് പറ്റിയ ഇനങ്ങൾ.

കേരളത്തിലെ നാടൻ താറാവുകളായ ചാരയും, ചെന്പല്ലിയും ഇനങ്ങൾ കുട്ടനാടൻ താറാവുകൾ എന്നറിയപ്പെടുന്നു. തൂവലുകളുടെ നിറത്തിൻറെ അടിസ്ഥാനത്തിലാണ് ഈ പേരുകൾ. തവിട്ടുനിറമുള്ള കറുത്ത തൂവലോടുകൂടിയവയാണ് ചാരത്താറാവുകൾ.

മങ്ങിയ തവിട്ടു നിറമുള്ള, കറുപ്പിൻറെ അംശം ഒട്ടുമില്ലാത്തവയാണു ചെന്പല്ലി. അത്യുത്പാദനശേഷിയുള്ള ഈ കുട്ടനാടൻ താറാവുകളുടെ ജന്മദേശം കേരളം തന്നെ.

താറാവുകൾക്ക് കൃത്രിമ തീറ്റ നൽകാതെ അഴിച്ചുവിട്ടു മേയ്ക്കുന്പോഴും തീറ്റ കുറഞ്ഞ സമയങ്ങളിൽ കൈത്തീറ്റ നൽകാറുണ്ട്. ഗോതന്പ്, അരി, പതിര്, മണിച്ചോളം, ചെറുമീൻ, കപ്പലണ്ടിപ്പിണ്ണാക്ക്, അരിത്തവിട്, പനച്ചോറ് എന്നിവയാണവ.

ലഭ്യതയും വിലയും നോക്കിയാണ് കൈത്തീറ്റ തെരഞ്ഞെടുക്കുന്നത്. ഇതിൽ രണ്ടോ മൂന്നോ എണ്ണം മിശ്രിതമാക്കിയും നൽകാറുണ്ട്. കുടപ്പനച്ചോറ് കാലാകാലങ്ങളായി കുട്ടനാടൻ കർഷകർ താറാവിനു നൽകി വരുന്നു.

70 അടിയോളം പൊക്കത്തിൽ വളരുന്ന പന പൂക്കുന്നതിനു മുന്പു മുറിക്കും. ഇതു വെട്ടിയരിഞ്ഞ് ചെറിയ കക്ഷണങ്ങളാക്കി ചോറ് പരുവത്തിലാക്കി ഗോതന്പ്, മീൻ, പിണ്ണാക്ക്, അരിത്തവിട് എന്നിവ ചേർത്ത് മഴക്കാലങ്ങളിൽ മുട്ടത്താറാവുകൾക്ക് നൽകും.

പനച്ചോറിൽ മാംസ്യവും അന്നജവും അടങ്ങിയിട്ടുണ്ട്. ഒട്ടും വെള്ളത്തിലിറക്കാതെ പൂർണമായും സ്റ്റാർട്ടർ തീറ്റയും ഗ്രോവർ തീറ്റയും നൽകി വളർത്തുന്നവരുമുണ്ട്.

സ്ഥലപരിമിതി ഉള്ളവർക്കു വീട്ടുവളപ്പിൽ താത്കാലിക കുളങ്ങളുണ്ടാക്കി താറാവുകളെ വളർത്താം. 6 അടി നീളവും 4 അടി വീതിയും 2 അടി ആഴവുമുള്ള കുഴിയുണ്ടാക്കലാണ് ആദ്യപടി. കുഴിയിൽ പ്ലാസ്റ്റിക് ചാക്കു വിരിച്ചശേഷം മുകളിൽ ടാർപ്പായ വിരിക്കണം.

ടാർപ്പായയ്ക്കു മുകളിൽ ഇഷ്ടികവച്ച് ഷീറ്റ് ടാങ്കിലേക്ക് വീഴാതെ തടയണം. തുടർന്നു ടാങ്കിൽ വെള്ളം നിറച്ച്, നാലാഴ്ച പ്രായമായ കുഞ്ഞുങ്ങളെ കുളത്തിലേക്ക് ഇറക്കി വിടണം.

കുളത്തിനു ചുറ്റുമായി 10 അടി നീളത്തിലും അഞ്ച് അടി വീതിയിലും വേലി തീർക്കണം. മേൽപ്പറഞ്ഞ അളവിൽ തീർത്ത ടാങ്കിൽ 300 ലിറ്റർ വെള്ളം നിറക്കാം. ഇതിൽ 25 താറാവു കുഞ്ഞുങ്ങളെ വളർത്താം.

അടുക്കളയിൽ ബാക്കി വരുന്ന അവശിഷ്ടങ്ങൾ, വാഴത്തട, പപ്പായ എന്നിവ ചെറുകഷണങ്ങളാക്കി താറാവുകൾക്ക് കൊടുക്കാം. കുതിർത്ത് പകുതി വേവിച്ച ഗോതന്പും അരിയും തുല്യമായി കലർത്തി ദിവസവും 50 ഗ്രാം ഒരു താറാവിനെന്ന കണക്കിൽ കൊടുക്കണം.

അസോള, ഗോതന്പുമാവ് കുറുക്കിയത്, ഉണക്കമീൻ എന്നിവ കൂട്ടികലർത്തിയും കൊടുക്കാം. പകൽ സമയങ്ങളിൽ താറാവുകളെ അഴിച്ചുവിടുന്നതാണു നല്ലത്. രാത്രിയിൽ താറാവുകൾക്ക് ഉറങ്ങാൻ ചെലവുകുറഞ്ഞ വൃത്തിയുള്ള കൂടുകൾ ഉണ്ടാക്കണം.

അറക്കപ്പൊടി അല്ലെങ്കിൽ ഉമി തറയിൽ ഇട്ടുകൊടുക്കുന്നതിലൂടെ കാഷ്ഠവും മറ്റും മാറ്റാൻ എളുപ്പമാകും. 120 ദിവസം പ്രായമാകുന്നതോടെ താറാവുകൾ മുട്ടയിട്ടു തുടങ്ങും.

പൊടി രൂപത്തിലുള്ള തീറ്റയും ഗുളിക രൂപത്തിലുള്ള തീറ്റയും മാർക്കറ്റിൽ കിട്ടും. കുഞ്ഞുങ്ങൾ വിരിഞ്ഞ് 36 മണിക്കൂർ കഴിഞ്ഞാൽ തീറ്റ നൽകണം.

മൂന്നാഴ്ച പ്രായമായാൽ ദിവസവും 45 തവണ നൽകണം. ഒരിക്കൽ നൽകുന്ന തീറ്റ 10 മിനിറ്റ് തിന്നാനുള്ളതാവണം. മൂന്ന് ആഴ്ചകൾക്കു ശേഷം ദിവസം മൂന്നു പ്രാവശ്യം തീറ്റ നൽകണം.

താറാവുകൾക്കു മൂന്നുതരത്തിലുള്ള തീറ്റകളുണ്ട്. സ്റ്റാർട്ടർ, ഗ്രോവർ, ലെയർ. ആദ്യത്തെ നാല് ആഴ്ച വരെ കൊടുക്കുന്ന തീറ്റയാണ് സ്റ്റാർട്ടർ. 4 മുതൽ 16 ആഴ്ചവരെ കൊടുക്കുന്നതാണ് ഗ്രോവർ. 16 ആഴ്ചയ്ക്കുശേഷം ലെയർ തീറ്റ.

താറാവു തീറ്റയിൽ കടലപ്പിണ്ണാക്ക് ചേർക്കുന്നത് അപകടമാണ്. ഇതിൽ വളരുന്ന പൂപ്പൽ വിഷബാധയുണ്ടാക്കും. കടലപ്പിണ്ണാക്കിനു പകരമായി എള്ളിൻ പിണ്ണാക്കോ തേങ്ങാപ്പിണ്ണാക്കോ ഉപയോഗിക്കാം.

താറാവിൻ കൂടുകളിൽ ഒരു താറാവിന് മൂന്നു മുതൽ നാലു ചതുരശ്ര അടി സ്ഥലം ആവശ്യമാണ്. കൂടിനുപുറത്ത് 10 മുതൽ 15 ചതുരശ്ര അടി വരെയും. തീറ്റ നനച്ചുകൊടുക്കുന്പോൾ ഒരു താറാവിന് അഞ്ചിഞ്ചോളം സ്ഥലം കണക്കാക്കി വേണം തീറ്റപാത്രങ്ങൾ തയാറാക്കാൻ.

വെളിയിൽ കൂടിനു സമാന്തരമായി കുടിക്കാനുള്ള വെള്ളം 50 സെൻറി മീറ്റർ വീതിയും 20 സെൻറി മീറ്റർ താഴ്ചയുമുള്ള പാത്തികെട്ടി അതിൽ നിറയ്ക്കണം. ഈ ചാലിൽ ചെളിവെള്ളം നിറയരുത്.

താറാവുകൾ സാധാരണ പുലർച്ചെ നാലു മുതലാണ് മുട്ടയിടുന്നത്. ആറുമണിയോടെ തീരുകയും ചെയ്യും. മുട്ടയുത്പാദനത്തിനും മുട്ടത്തോടിൻറെ ഘടനയ്ക്കും കാത്സ്യം സ്രോതസായ കക്കത്തുണ്ടുകളോ കാത്സ്യം അടങ്ങിയ ധാതുലവണ മിശ്രിതമോ നൽകണം.

താറാവിന് ധാരാളം പച്ചപ്പുല്ലും ആവശ്യമാണ്. ഏഴ് മാസത്തിൽ കൂടുതൽ പ്രായമുള്ള താറാവിൻറെ സാമാന്യം വലുപ്പമുള്ള മുട്ടകളാണ് അട വയ്ക്കാനായി ഉപയോഗിക്കേണ്ടത്. കാർഡ് ബോർഡ് പെട്ടിയിലോ വീഞ്ഞപ്പെട്ടിയിലോ മുട്ട അട വയ്ക്കാം.

ഉണങ്ങിയ പുല്ലോ വയ്ക്കോലോ ഉമിയോ അറക്കപ്പൊടിയോ പെട്ടിക്കടിയിൽ നിരത്തിവേണം അട വയ്ക്കാൻ. അതിനുള്ളിൽ തീറ്റയും വെള്ളവും പാത്രങ്ങളിൽ വയ്ക്കണം. അട വച്ചശേഷം പെട്ടി മൂടണം.

28 ദിവസം ആകുന്പോൾ മുട്ട വിരിയും. മുട്ടയ്ക്ക് 7084 ഗ്രാം തൂക്കം വരും. കോഴിമുട്ടയേക്കാൾ 1520 ഗ്രാം കൂടുതൽ. കോഴികളിൽ നിന്ന് പ്രതിവർഷം ലഭിക്കുന്നതിനേക്കാൾ 40 മുതൽ 50 വരെ അധികം മുട്ടകൾ കിട്ടും.

താറാവുകൾ അടയിരിക്കാത്തതിനാൽ മുട്ട വിരിയിക്കാൻ കോഴികളെയൊ ഇൻകുബേറ്ററിനെയോ ഉപയോഗപ്പെടുത്താം. അടവയ്ക്കുന്ന കോഴിക്ക് ചെള്ള്, പേൻ തുടങ്ങിയവ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുട്ട വിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങളെ മൂന്നാഴ്ച വരെ തള്ളക്കോഴിയുടെ കൂടെ വളർത്താം. ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതുപോലെ താറാവിൻ കുഞ്ഞുങ്ങളെ ഡീപ്ലിറ്റർ രീതിയിൽ നിർമിച്ച കൂടുകളിൽ, ബ്രൂഡറിൽ, നാല് ആഴ്ച വരെ കൃത്രിമമായി ചൂട് നല്കി വളർത്താം.

മുട്ട വിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങൾക്ക് ആദ്യത്തെ ആഴ്ച 32 ഡിഗ്രി താപനിലയും തുടർന്നുള്ള ആഴ്ചതോറും മൂന്ന് ഡിഗ്രി താപനിലയും വീതം ചൂട് കുറച്ച് നിയന്ത്രിക്കണം.

ഒരു താറാവിൻ കുഞ്ഞിന് ശരാശരി രണ്ട് വാട്സ് എന്ന തോതിൽ താറാവിൻ കൂട്ടിൽ പ്രകാശിക്കുന്ന ബൾബുകൾ ഉണ്ടായിരിക്കണം. കുഞ്ഞുങ്ങൾ ജനിച്ച് 36 മണിക്കൂർ കഴിഞ്ഞാൽ തീറ്റ നൽകാം.

നാലാഴ്ചകൾക്കുശേഷം കുഞ്ഞുങ്ങളെ കൂടുകളിലേക്കു മാറ്റാം. ഈ സമയത്ത് പൊടിത്തീറ്റ, തിരിത്തീറ്റ, നുറുങ്ങുതീറ്റ എന്നിവ കൊടുക്കാം.



# സങ്കീർണ ഹൃദ്രോഗ ചികിത്സയിൽ കീഹോൾ ശാസ്ത്രക്രിയാ രീതികൾക്ക് വിപുലമായ സാധ്യതകൾ : ഐ.സി.സി.കെ




**തിരുവനന്തപുരം:** ഹൃദ്രോഗ ചികിത്സയിൽ കീ ഹോൾ ശാസ്ത്രക്രിയാ രീതികൾക്ക് ഇന്നുള്ള അതി വിപുലമായ സാധ്യതകൾ ചർച്ച ചെയ്ത കാർഡിയോളജി കൗൺസിൽ ഓഫ് കേരളയുടെ (ഐസിസികെ) വാർഷിക സമ്മേളനം. ഹയാത്ത് റീജൻസിയിൽ നടന്ന സമ്മേളനം സീനിയർ കാർഡിയോളജിസ്റ്റും ഐ.സി.സി.കെ പ്രസിഡന്റുമായ ഡോ.പ്രതാപ്കുമാർ എൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.സങ്കീർണമായ ഹൃദ്രോഗ ചികിത്സയിൽ ഇന്ന് നിലവിലുള്ള അതിനൂതന സാങ്കേതിക വിദ്യകൾ പ്രയോജനപെടുത്തുന്നതിൽ കേരളം മുന്നിലാണെന്ന് ഡോ.പ്രതാപ്കുമാർ എൻ പറഞ്ഞു.

കീറിമുറിക്കലുകൾ ഇല്ലാതെ ഹൃദയത്തിലെ ബ്ലോക്കുകൾ നീക്കം ചെയ്യുക, കാൽസിഫൈഡ് ബ്ലോക്കുകൾ പൊടിച്ചു കളയുക, ഹാർട്ട് വാൽവുകൾ നന്നാക്കുകയോ മാറ്റി വെക്കുകയോ ചെയ്യുക, ഹൃദയത്തിലെ ചോർച്ചകൾ അടയ്ക്കുക, ജന്മനായുള്ള ഹൃദയ വൈകല്യങ്ങൾ പരിഹരിക്കുക പേസ്മേക്കർ ഘടിപ്പിക്കുക തുടങ്ങിയവ നൂതന കത്തീറ്റർ സാങ്കേതികവിദ്യകൾ (കീഹോൾ രീതികൾ) വഴി ഇന്ന് സാധ്യമാണ് ഡോ. പ്രതാപ്കുമാർ എൻ പറഞ്ഞു.റോട്ടാബ്ലേറ്റർ, ഐ.വി.എൽ, ലേസർ തുടങ്ങിയ നൂതന അനുബന്ധ ഉപകരണങ്ങളും ഇന്ന് ചികിത്സക്ക് പ്രയോജനപെടുത്തുന്നുണ്ടെന്ന് ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ.അഭിലാഷ് എസ്.പി പറഞ്ഞു.സംസ്ഥാനത്തെ ഹൃദ്രോഗ വ്യാപനം ചികിത്സാ സംവിധാനം എന്നിവ സംബന്ധിച്ച റിപ്പോർട്ട്ഡോ.സി ഡി രാമകൃഷ്ണ അവതരിപ്പിച്ചു .

വൈസ് പ്രസിഡന്റും സയന്റിഫിക് കമ്മിറ്റി ചെയർമാനുമായ ഡോ.ആശിഷ് കുമാർ എം, സെക്രട്ടറി ഡോ. സി ഡി രാമകൃഷ്ണ, ഓർഗനൈസിങ് ചെയർമാൻ ഡോ.എ.ജോർജ് കോശി, ഓർഗനൈസിംഗ് സെക്രട്ടറി ഡോ.അഭിലാഷ് എസ്.പി, ഡോ.രാജേഷ് മുരളീധരൻ എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു.ഹൃദ്രോഗ ചികിത്സയിലെ വിവിധ കത്തീറ്റർ നടപടിക്രമങ്ങൾ വിദഗ്ധർ ശാസ്ത്ര സെഷനുകളിൽ വിശദീകരിച്ചു.സങ്കീർണ്ണമായ സ്റ്റെന്റിംഗ് ടെക്നിക്കുകളെക്കുറിച്ചും, കൊറോണറി ധമനികൾ പൂർണ്ണമായും അടയുന്ന ടോട്ടൽ ഒക്ലൂഷനുകളെക്കുറിച്ചും പ്രത്യേക സെഷനുകൾ നടന്നു. ഹൃദയധമനികളിലെ ബ്ലോക്കുകളുടെ കാഠിന്യം വിലയിരുത്തുന്ന എഫ് എഫ് ആർ (ഫ്രാക്ഷണൽ ഫ്ലോ റിസർവ്) കൂടാതെ, രക്തക്കുഴലുകളുടെ ഉൾവശം ചിത്രീകരിക്കുന്ന ഒപ്റ്റിക്കൽ കോഹറൻസ് ടോമോഗ്രാഫി, ഇൻട്രാവാസ്കുലർ അൾട്രാസൗണ്ട് എന്നിവയെക്കുറിച്ചുള്ള സെഷനുകളും സമ്മേളനത്തിൽ ഉൾപ്പെടുത്തി.സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇരുനൂറ്റി അൻപതോളം ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റുകൾ സമ്മേളനത്തിൽ പങ്കെടുത്തു.

# കാലിഫോർണിയ ആൽമണ്ട് ക്യാമ്പയിൻ



**കൊച്ചി:** കാലിഫോർണിയ ആൽമണ്ട്സ് നവരാത്രി ക്യാമ്പയിൻ അവതരിപ്പിച്ചു. നവരാത്രി ആഘോഷ വേളയിൽ ചിലർ ഉപവാസം അനുഷ്ഠിക്കുമ്പോൾ മറ്റ് ചിലർ പച്ചക്കറി ഭക്ഷണങ്ങൾ മാത്രം കഴിക്കും.

ഭക്ഷണത്തിന്റെ കാര്യത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ഇത്തരം സാഹചര്യത്തിൽ രുചികരമായ ഒരു പോംവഴിക്ക് പുറമേ, പോഷകസമ്പന്നമായ ഒരു ഭക്ഷണം കൂടിയായി ബദാം മാറുന്നുവെന്നാണ് ക്യാമ്പയിൻ ഊന്നിപ്പറയുന്നത്. വിശപ്പ് കുറയ്ക്കുവാനുള്ള കഴിവാണ് ബദാമുകളുടെ മികച്ച ഗുണഫലങ്ങളിൽ ഒന്ന്. അതിനാൽ ബദാമുകൾ കഴിക്കുന്നവർക്ക് വയർ നിറഞ്ഞതായുള്ള സംതൃപ്തിയും ലഭിക്കും.വൈറ്റമിൻ ഇ, ഡയറ്ററി ഫൈബർ, പ്രോട്ടീൻ1, റിബോഫൽവിൻ, മാംഗനീസ്, ഫോളേറ്റ്2 എന്നിവ അതിൽ ഉൾപ്പെടുന്നു. പതിവായി ബദാമുകൾ കഴിക്കുന്നത് ഹൃദയത്തിന്റെ ആരോഗ്യം പ്രോത്സാഹിപ്പിക്കുന്നതു മുതൽ പ്രമേഹ പരിപാലനത്തെ സഹായിക്കുകയും, ചർമത്തിന്റെ ആരോഗ്യത്തെ മെച്ചപ്പെടുത്തുകയും, ശരീരഭാരം പരിപാലിക്കുവാൻ സഹായിക്കുകയുമൊക്കെ ചെയ്യുമെന്ന് ഗവേഷക പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്. മനസ് നിയന്ത്രിച്ചു കൊണ്ടുള്ള ലഘുഭക്ഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വ്യക്തിയാണ് ഞാൻ. അതിനാൽ ബദാമുകൾ സന്തോഷകരവും പോഷകങ്ങൾ നിറഞ്ഞതുമായ ബദൽ ഭക്ഷണമായി മാറുന്നുവെന്ന് എനിക്ക് പറയാൻ കഴിയുമെന്ന് നടി സോഹ അലി ഖാൻ പറഞ്ഞു.






# സംസ്ഥാന സ്കൂൾ കായികോത്സവം; ഇന്ന് മുതൽ 20 വരെ

**തൃശ്ശൂർ:** 65ാമത് സംസ്ഥാന സ്കൂൾ കായികോത്സവം ഒക്ടോബർ 16 മുതൽ 20 വരെ കുന്നംകുളം ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയത്തിൽ വിപുലമായി സംഘടിപ്പിക്കുന്നതിനുള്ള അവസാന ഘട്ട ഒരുക്കങ്ങൾ പൂർത്തീകരിച്ചതായി എ സി മൊയ്തീൻ എംഎൽഎ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കായികോത്സവത്തിനോടനുബന്ധിച്ചുള്ള ദീപശിഖാപ്രയാണം ഒക്ടോബർ 16ന് രാവിലെ തേക്കിൻകാട് മൈതാനത്തു നിന്നും ആരംഭിക്കും. വൈകുന്നേരം 5 മണിയോട് കൂടി ദീപശിഖ കുന്നംകുളത്ത് എത്തും.

16 ന് രജിസ്ട്രേഷൻ ആരംഭിക്കും. 17 ന് രാവിലെ 7 മണിക്ക് മത്സരങ്ങൾക്ക് തുടക്കമാകും. അന്നേ ദിവസം രാവിലെ 9 മണിക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ് പതാക ഉയർത്തും. വൈകീട്ട് 3.30 ന് കുട്ടികളുടെ മാർച്ച് പാസ്റ്റും ദീപശിഖ തെളിയിക്കലും ഉദ്ഘാടന സമ്മേളനവും നടക്കും.

പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻ കുട്ടി സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ അധ്യക്ഷനാകും.

രമ്യ ഹരിദാസ് എംപി, എംഎൽഎമാരായ എ സി മൊയ്തീൻ, മുരളി പെരുനെല്ലി, എൻ കെ അക്ബർ, ഇ ടി ടൈസൺ മാസ്റ്റർ, സേവ്യർ ചിറ്റിലപ്പിള്ളി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ, കുന്നംകുളം നഗരസഭ ചെയർപേഴ്സൺ സീതാ രവീന്ദ്രൻ, മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റൻ ഐ എം വിജയൻ, കേരള കലാമണ്ഡലം ഭരണസമിതി അംഗം ടി കെ വാസു, എസ്സിഇആർടി ഡയറക്ടർ ആർ കെ ജയപ്രകാശ്, എസ് എസ് കെ സംസ്ഥാന പ്രോജക്ട് ഡയറക്ടർ ആർ സുപ്രിയ, കൈറ്റ് സിഇഒ അൻവർ സാദത്ത്, എസ്ഐഇടി ഡയറക്ടർ ബി അബുരാജ്, തുടങ്ങിയവർ മുഖ്യാതിഥികളാകും.

ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ റഹീം വീട്ടിപറമ്പിൽ, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആൻസി വില്യംസ്, പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ പ്രസിഡന്റ് എസ് ബസന്ത് ലാൽ, കുന്നംകുളം നഗരസഭാ സ്ഥിരം സമിതി അധ്യക്ഷൻ പി കെ ഷബീർ, വാർഡ് കൗൺസിലർ ബിജു സി ബേബി തുടങ്ങിയവർ പങ്കെടുക്കും.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com